# നീഗ്രോ

1713

COMPLIMENTS OF
THE UNITED STATES INFORMATION SERVICE
MADRAS.

## അമേരിക്കൻ ജീവിതത്തിൽ

# നീഗ്രോ

ഐക്യസംസ്ഥാനങ്ങളുടെ സ്നേഹിതന്മാർക്കു വ്യാകുലതയുണ്ടാക്കുന്നതും, ശത്രുക്കൾ ആവർത്തിച്ചാവർത്തിച്ചു ചൂണ്ടിക്കാട്ടുന്നതുമായ ഒരു പ്രത്യേകസംഗതി, അവിടെ നീഗ്രോയ്ക്കുള്ള സ്ഥാനമാണെന്നു് തോന്നുന്നു. 13,000,000 നീഗ്രോപൗരന്മാർക്കു് അമേരിക്ക നല്ലതും തീയ്യതുമായി എന്താണു കൊടുത്തിട്ടുള്ളതെന്നു പല വീക്ഷണകോടികളിൽക്കൂടി നോക്കാവുന്നതാണു്. 'അമേരിക്കൻ വിരുദ്ധചിന്താഗതി' വളർത്തണമെന്നു മാത്രമാണു് ഒരാൾ ആഗ്രഹിക്കുന്നതെങ്കിൽ, ജാതീയ പൃഥക്കരണം (ഒററതിരിക്കുന്ന സമ്പ്രദായം), സാമുദായിക മർദ്ദനം എന്നീ പെരുമ്പറകളിൽ പ്രചാരകഹസ്തം പ്രയോഗിച്ചാൽ ധാരാളം മതിയാകുന്നതാണു്. നീഗ്രോകൾ വസിക്കുന്ന ചാളയുടെയോ, അയാളെ കൈയ്യേററം ചെയ്യുന്നതിൻെറയോ വല്ലാത്ത ഒരു ചിത്രം വരച്ചുകാട്ടുന്നപക്ഷം ശരിക്കുള്ള വസ്തുത അറിയാൻ പാടില്ലാത്ത ഒരാൾ അതാണു് സാധാരണ നീഗ്രോകളുടെ സ്ഥിതിയെന്നു ധരിച്ചുപോകുന്നതു സഹജമാകുന്നു. ഇത്തരം ആരോപണങ്ങൾക്കു് മറുപടിപറയാൻ മുതിരുന്ന ഒരു അമേരിയ്ക്കൻ, നോബൽസമ്മാനം നേടിയ റാൽഫ് ബഞ്ച് (ഐക്യരാഷ്ട്രസമിതി) പ്രസിദ്ധ സംഗീതവിദുഷിയായ മാറിയൻ ആൻഡേഴ്സൺ എന്നുതുടങ്ങിയ നീഗ്രോകളെ ചൂണ്ടിക്കാട്ടുവാൻ പ്രേരിതനാകുന്നു. കാര്യവിവരമുള്ളവനും, സത്യസന്ധനുമായ ഒരു നിരീക്ഷകൻ, ഈ രണ്ടു് അഗ്രങ്ങളിലുമല്ല സത്യം സ്ഥിതിചെയ്യുന്നതെന്നു മനസ്സിലാക്കുന്നതാണു്.

പൗരസമരത്തിന്നു ശേഷം ക്രമേണ നാശോന്മുഖമായിരിക്കുന്ന ഒരാത്മാവാണെന്നും, അതു ഗവമ്മെൻറിനാലും, ദേശത്തിൻെറ എല്ലാ ഭാഗങ്ങളിലും വസിക്കുന്ന ഉത്തരവാദിത്വബോധമുള്ള പൗരന്മാരാലും അസന്ദിഗ്ദ്ധമായ രീതിയിൽ അവഹേളിക്കപ്പെട്ട ഒരു സമ്പ്രദായമാണെന്നും അയാൾ ഗ്രഹിക്കുന്നതാണു്. അതേ സമയം തന്നെ, റാൽഫ് ബഞ്ചു്, മാറിയൻ ആൻഡേഴ്സൺ എന്നിവരെപ്പോലെ ഉയർന്ന സോപാനത്തിൽ എത്തിയിട്ടുള്ള നീഗ്രോകൾ തുലോം കുറവാണെന്നും അയാൾ ഗ്രഹിക്കുന്നതാണു്.

അതുകൂടാതെ, സാമൂഹ്യം, സാമ്പത്തികം, വിദ്യാഭ്യാസപരം എന്നീ മണ്ഡലങ്ങളിൽ കഴിഞ്ഞ അമ്പതു വർഷങ്ങളായി സാധാരണ നീഗ്രോകൾ വളരെ ഗണ്യമായ തോതിൽ പുരോഗമിച്ചിട്ടുണ്ടെന്നതും അയാൾക്കറിയാം. ദേശത്തിൻെറ സർവ്വഭാഗങ്ങളിലുമുള്ള നീഗ്രോകളും വെള്ളക്കാരുംചേർന്നു ഉദ്യമിച്ചതിൻെറ ഫലമായും, രാഷ്ട്രീയനയങ്ങളിൽ ജാതീയപരിച്ഛേദം ഒഴിച്ചുവിടുന്നതിനു ഐക്യസംസ്ഥാനഭരണകൂടം ശ്രദ്ധിച്ചതിൻെറ ഫലമായുംആണു് ഈ പുരോഗതി ഉണ്ടായിട്ടുള്ളതു്. ഒരു കേന്ദ്രത്തിൽനിന്നുമുള്ള കൽപനകളുടെ ഫലമായി മനുഷ്യമനഃസ്ഥിതിയിൽ മൗലികങ്ങളായ മാററങ്ങൾ വരുത്തുവാൻ കഴിഞ്ഞുവെന്നു് ഇതിന്നർത്ഥമില്ല. ശാസനംമൂലം മനഃശ്ശാസ്ത്രപരമായ അടിസ്ഥാനങ്ങൾ വ്യത്യാസപ്പെടുത്തുവാൻ ആരും ഉദ്യമിച്ചില്ല. നിയമപരമായ ഉപാധികൾ അവലംബിച്ചു സാമൂഹ്യപരിഷ്കാരങ്ങൾ അടിച്ചമർത്തുവാൻ ശ്രമിച്ചാലും, വിഷമപ്രശ്നം ഉള്ളിൽകിടന്നു നീറിക്കൊണ്ടിരിക്കുകയല്ലാതെ ഒരിക്കലും നശിക്കുകയില്ല. കുറെക്കഴിഞ്ഞു അതു് ആളിക്കത്തുകയും ചെയ്യും. അടിച്ചമർത്തുന്ന നയം സ്ഥിരമായി പ്രയോഗിക്കാൻ കഴിവുള്ളതല്ല

1946



ല്ലോ. അമേരിക്കയിലെ ജാതിപ്രശ്നം പരിഹരിക്കുന്നതിന്; നിയമോപകരണം വളരെ സഹായിച്ചിട്ടുണ്ടെന്ന് സമ്മതിച്ചേ കഴിയൂ; എങ്കിലും മനുഷ്യബന്ധങ്ങളുടെ പരിവർത്തനമാണ് അവസാനമായി സാധിക്കേണ്ടതെന്ന സത്യം വിസ്മരിച്ചുകൂടാ.

ജാതീയവിദ്വേഷവും പക്ഷപാതചിന്തയും നിലവിലുണ്ടെന്ന കാര്യംതന്നെ അമേരിക്കൻ ജനാധിപത്യാദർശങ്ങൾക്ക് വിരുദ്ധമാണ്. ഇതിലടങ്ങിയിട്ടുള്ള ധാർമ്മികവൈരുദ്ധ്യം, ചിന്തിക്കുന്ന അമേരിക്കനെ മററു പല പ്രശ്നങ്ങളേക്കാളധികം വ്യാകുലപ്പെടുത്തുന്നതാണ്. ഇതിന്റെ പരിഹാരത്തിനായി പല മണ്ഡലങ്ങളിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന നേതാക്കന്മാർ ആത്മാർത്ഥമായും അനുസ്യൂതമായും ഉദ്യമിച്ചുകൊണ്ടിരിക്കുന്നു. ഈ വൈരുദ്ധ്യം ഇന്നും നിലവിലുണ്ടെങ്കിലും, വർഷംതോറും അതു കുറഞ്ഞു വരികയാണ്. കാരണം ഈ തിന്മയുടെ കറയെ ഹൃദയത്തിൽനിന്നും ക്രമേണ സമ്മാർജ്ജനം ചെയ്യുന്നതിനുള്ള ശക്തി ജനാധിപത്യസിദ്ധാന്തത്തിന് സഹജമായുണ്ട് എന്നതു തന്നെ.

മററു ദേശങ്ങളിലേപ്പോലെ തന്നെ, അമേരിക്കയിലും ജാതിവിദ്വേഷത്തിനു അഗാധമായ ചാരിത്രികമൂലമുണ്ട്. നീഗ്രോ വിദ്വേഷത്തിന്റെ നാരായവേരു സ്ഥിതിചെയ്യുന്നതു് അവർ അമേരിക്കയിലേക്കു വന്ന വിധത്തിലാണ്. അവരെല്ലാം തന്നെ, യാതൊരു ഭേദഗതിയുംകൂടാതെ കുടിയേറിപ്പാർപ്പുകാരായിട്ടല്ല അടിമകളായിട്ടുതന്നെയാണ് വന്നതു്. കോളനികളിൽ അതിവേഗം അഭിവൃദ്ധിപ്പെട്ടുകൊണ്ടിരുന്ന കൃഷിപ്പണികൾക്ക് വളരെ വേലക്കാരെ ആവശ്യമായിരുന്നു. പ്രസ്തുതാവശ്യം നിറവേററുന്നതിനാണ് അവർ വന്നതു്. അറിവും വിവേകവുമുള്ള

പല ആളുകളും അടിമവ്യാപാരത്തെ കാര്യമായി എതിർത്തപ്പോൾ കർഷകരും തോട്ടമുടമസ്ഥരും, തങ്ങൾക്കു ലാഭകരമായി വേല ചെയ്യുന്നതിന് ആളുകളെ വേണ്ടിയിരുന്നതിനാൽ, അവരേ സ്വാഗതംചെയ്തു. അന്നു ഇങ്ങനെ ചെലവുകുറഞ്ഞ അടിമവേല അംഗീകരിയ്ക്കുക ലോകത്തിൽ എല്ലാം പതിവായിരുന്നു. കോളനികൾ ഉണ്ടായിരുന്ന രാഷ്ട്രങ്ങളെല്ലാം അങ്ങനെതന്നേ ചെയ്തിരുന്നു. മനുഷ്യജീവികളെ അടിമവേലയ്ക്കു വെയ്ക്കുന്നതിനെക്കുറിച്ചു മനസ്സാക്ഷി കുത്തുന്നവരേപ്പോലും, ആഫ്രിയ്ക്കയിൽനിന്നുവന്ന പ്രത്യേകജാതിക്കാരായ നീഗ്രോകൾ സാധാരണ മനുഷ്യരേക്കാൾ കുറവുള്ളവരാണ് എന്ന ചിന്താഗതിയിലേക്ക് കൊണ്ടുവരാൻ കഴിയുന്നതാണ്. അങ്ങനെ ഐക്യസംസ്ഥാനങ്ങളിൽ അടിമത്തത്തേ പിന്താങ്ങുന്നതും, സാമ്പത്തികവും സാമൂഹ്യവുമായ അവശതകളേ നിലനിർത്തുന്നതുമായ ഒരു ജാതീയാപകർഷതാസിദ്ധാന്തം ദൃഢമൂലമായി വന്നു. ഈ സിദ്ധാന്തത്തിന്ന് ധനപരമായ ഒരു പ്രയോജനം ഉണ്ടായിരുന്നുവെന്നുമാത്രമല്ല, അടിമത്തവ്യാപാരത്തിനു കാരണഭൂതന്മാരായിരുന്നവരുടെ മനസ്സിലെ ധാർമ്മികസമരത്തിന്നു അതു് കുറച്ചൊരു ശാന്തത വരുത്തുകയും ചെയ്തു. നീഗ്രോ അപകർഷതയെക്കുറിച്ചുള്ള ഈ ചിന്തയുടെ ഫലമായി, ജീവിതത്തിന്റെ എല്ലാ വിഭാഗങ്ങളിലും ബോധമണ്ഡലങ്ങളിലും പ്രവേശിക്കുന്ന സങ്കീർണ്ണങ്ങളായ പല ആചാരങ്ങളും, നിയമങ്ങളും, വർത്തനരീതികളും മുളച്ചുവികസിച്ചുവന്നു. വെള്ളക്കാരന്റെ ഉൽകർഷത്തെ വകവെച്ചുകൊടുക്കുന്ന ഒരു സാമുദായികപ്പിളർപ്പു ഉത്ഭവിച്ചു. നീഗ്രോയ്ക്കു വിദ്യാഭ്യാസം കൊടുക്കുന്നതു ചില സ്ഥലങ്ങളിൽ കുററകരമായിത്തീർന്നു. ഒരു നീഗ്രോയെ സമനിലയിൽ കരുതുന്നതു് മര്യാദാലംഘനമായി

ഗണിച്ചുവന്നു. തന്റെ അടിമത്തത്തെ ഒരു നീഗ്രോ ചോദ്യം ചെയ്യുവെങ്കിൽ അവന്റെ ജീവൻ പണയത്തിലാകുമായിരുന്നു. പല പ്രദേശങ്ങളിലും അടിമവിപ്ലവങ്ങളും എതിർപ്പുകളും ഉണ്ടായിട്ടുണ്ടെങ്കിലും, ജാതിവ്യത്യാസത്തെക്കുറിച്ചുള്ള വെള്ളക്കാരന്റെ പ്രമാണം പലരും ക്രമേണ അംഗീകരിക്കുകയാണുണ്ടായതു്.

1776-ൽ അമേരിക്കൻ റിപ്പബ്ളിക്കിന്റെ സ്ഥാപകന്മാർ, എല്ലാ മനുഷ്യരും സമനിലയിൽ സൃഷ്ടിക്കപ്പെട്ടിരിക്കുന്നു എന്നു പ്രഖ്യാപിച്ചപ്പോൾ, നീഗ്രോ അടിമത്തം ദേശീയജീവിതത്തിൽ അസ്ഥിയും മജ്ജയും ഉറച്ച ഒരു ഘടകമായിത്തീർന്നിരുന്നു. പുതിയ രാഷ്ട്രത്തിന്റെ നീതിശാസ്ത്രവും ധാർമ്മികമായ ചുമതലകളും രൂപപ്പെട്ടുവരുന്ന ആ ഘട്ടത്തിൽ, മനുഷ്യരുടെ അടിമത്തത്തിന്നും ഒരു സ്ഥാനം വകവച്ചുകൊടുക്കത്തക്കവിധം അവർ കുറെയെല്ലാം ചായുകയും ചരിയുകയും ചെയ്യുവെന്നും സമ്മതിക്കണം. പുതിയ രാഷ്ട്രത്തിന്റെ നയം രൂപപ്പെടുന്നതിന്നു ഉത്തരവാദികളായിരുന്ന പലരും അടിമത്തത്തെ എതിർത്തുവെങ്കിലും, പരസ്പരവിരുദ്ധങ്ങളായ താൽപര്യങ്ങളുടെയും പ്രായോഗികപരിമിതികളുടെയും നിർബ്ബന്ധംമൂലം അവരും വിട്ടുവീഴ്ചക്ക് വിധേയരായി. അമേരിക്കൻവിപ്ലവത്തിന്നു ശേഷമുള്ള സംഭവബഹുലമായ കാലങ്ങളിൽ ഐക്യം പരമപ്രധാനമായ ഒരാവശ്യമായിരുന്നു. തെക്കൻസംസ്ഥാനങ്ങൾക്കു മുഖ്യമായും സ്വയംഭരണാധികാരം ഉണ്ടായിരുന്നു. അതിനാൽ അടിമത്തനിരോധനനിയമങ്ങൾ അംഗീകരിച്ചിരുന്നുവെങ്കിൽ, അവർ പിരിഞ്ഞുപോകയും രാഷ്ട്രം രണ്ടായിപ്പിളരുകയും ചെയ്യുമേനേ. കൂടാതെ പരുത്തി, പുകയില, നീലം തുടങ്ങി അടിമജനങ്ങളുടെ പ്രത്യേക കൃഷി

സാധനങ്ങൾ, യൂറോപ്പുമായുള്ള വാണിജ്യത്തിന്ന അനപേക്ഷണീയവുമായിരുന്നു. രാഷ്ട്രീയവും സാമ്പത്തികവുമായ ആവശ്യങ്ങൾ ഒരുവശത്തും, സ്വാതന്ത്ര്യജനങ്ങളുടെ മദ്ധ്യത്തിൽ പാരതന്ത്ര്യം അനുഭവിക്കുന്ന മനുഷ്യരുടെ ശോചനീയമായ ചിത്രം മറുവശത്തും കണ്ടു അതിന്റെ വടംവലിയിൽ ദേശീയനേതാക്കന്മാർ ഇതികർത്തവ്യതാമൂഢരായി. അടിമത്തവ്യവസ്ഥിതി രാഷ്ട്രത്തിന്റെ ഭാവിയിൽ വരുത്തിവയ്ക്കാൻ ഇടയുള്ള ധാർമ്മികമായ അപകടത്തേക്കുറിച്ചു, തോമസ് ജെഫേഴ്സൺ സ്വാഭാവികമായ ബുദ്ധിതീക്ഷ്ണതയോടെ പ്രവചിച്ചു. അതെത്രമാത്രം ശരിയായിരുന്നുവെന്നു താഴെ ചേർക്കുന്ന ഉദ്ധരണിയിൽ നിന്നും മനസ്സിലാകുന്നതാണ്:

"ഒരുഭാഗത്തെ അന്യൂനമായ സ്വേച്ഛാധിപത്യവും വികാരത്തള്ളലും, മറുഭാഗത്തെ നിന്ദാർഹമായ കീഴടക്കവും, അനുസൃതമായി ആവിഷ്കൃതമാകുന്നതാണു വാസ്തവത്തിൽ യജമാനനും അടിമയും തമ്മിലുള്ള വ്യാപാരം. നമ്മുടെ കുട്ടികൾ ഇതുകണ്ടു് അനുകരിക്കുന്നു.........ദൈവം നീതിമാനാകുന്നുവെന്നും അവന്റെ നീതി എന്നും ഉറങ്ങിക്കിടക്കുകയില്ല എന്നും സ്മരിക്കുമ്പോൾ ഞാൻ എന്റെ നാടിനെ ഓർത്തു വിറക്കൊള്ളുന്നു."

സ്വാതന്ത്ര്യപൗരന്മാർക്കു ഈ അടിമവ്യാപാരത്തെക്കുറിച്ചു തോന്നിയ കഠിനമായ പ്രതികൂലമനോഭാവം, 1787-ൽ, 20 വർഷങ്ങൾ കഴിഞ്ഞു അടിമകളേ ഇറക്കുമതി ചെയ്തുകൂടാ എന്ന ഒരു പ്രമേയമായി രൂപംപൂണ്ടു. 1808-ൽ ആഫ്രിക്കയിലെ അടിമവ്യാപാരം നിരോധിക്കപ്പെട്ടു. 1820-ൽ അടിമകളേ ഇറക്കുമതിചെയ്യുന്നതു് ഒരു കഠിനകുററമായി കണക്കാക്കി നിയമത്തിനു ഒന്നുകൂടെ ഉറപ്പു വരുത്തി. 1776 ലേ വിപ്ലവത്തിനുശേഷം,

വടക്കൻസംസ്ഥാനങ്ങളിൽ അടിമവ്യാപാരം ക്രമേണ നിയമവിരുദ്ധമാക്കി വന്നു. അതിന്നുള്ള ഒരു പ്രധാനകാരണം, തെക്കുള്ളതുപോലെ വൻതോട്ടങ്ങളല്ല, ചെറിയ തോട്ടങ്ങളും വ്യവസായങ്ങളുമാണ് അവിടെ ഉണ്ടായിരുന്നതു്, അവയ്ക്കു അടിമവേല അത്ര ലാഭകരമായിരുന്നില്ല എന്നതുതന്നെ. 1804-ൽ വടക്കൻ സംസ്ഥാനങ്ങളുടെ കൂട്ടത്തിൽ അവസാനമായി ന്യൂ ജെഴ്സിയും അടിമത്തസമ്പ്രദായം നിയമവിരുദ്ധമാക്കി. ശേഷമുള്ള വർഷങ്ങളിൽ അടിമവ്യാപാരത്തിന്നെതിരായി പൊതുജനങ്ങൾ 'അടിമത്തനിരോധനപ്രസ്ഥാനം' എന്ന പേരിൽ വമ്പിച്ച ഒരു പ്രസ്ഥാനം രൂപവൽക്കരിച്ചു. അതിൽക്കൂടെ പ്രതിഷേധശബ്ദം ഉയർത്തുകയും ചെയ്തു. രണ്ടായിരത്തിൽപരം സംഘടനകൾ ഈ പ്രസ്ഥാനത്തിൻെറ ആധിപത്യത്തിൽ ആവിർഭവിച്ചു. പത്രപ്രവർത്തനം, നിവേദനങ്ങൾ, പൊതുപ്രകടനങ്ങൾ ഈ ഉപാധികളിൽക്കൂടെ രാഷ്ട്രീയ നിയമംമൂലം അടിമവ്യാപാരം ഇല്ലായ്മ ചെയ്യുന്നതിന്നു അവർ ഉദ്യമിച്ചു. ഈ നിരോധനപ്രസ്ഥാനത്തിലെ നീഗ്രോ നേതാക്കന്മാർ ഹാരിയററ് ററബ്മാൻ, സൊജേർണർ ട്രൂത്ത്, ഫ്രെഡറിക്ക് ഡഗ്ലാസ് എന്നിവരായിരുന്നു. ഹാരിയററ് ബീച്ചർ സ്റ്റോവിൻെറ അങ്കിൾ ടോംസ് ക്യാബിൻ (Uncle Tom's Cabin) എന്ന നോവൽ ഈ പ്രസ്ഥാനത്തിന്നു ഗണ്യമായ പ്രചോദനം നൽകുകയുണ്ടായി. തുരങ്കത്തീവണ്ടിയെക്കുറിച്ചു വർണ്ണിക്കുന്ന നോവലാണ് അതു്. സഹാനുഭൂതിയുള്ള ചിലർ അടിമകളേ സ്വതന്ത്രരാഷ്ട്രങ്ങളിലേക്കു കടത്തിവിട്ടു. വടക്കുള്ള സ്വാതന്ത്ര്യത്തിലേക്കു നീഗ്രോകളേ കൊണ്ടുവരുന്നതിന്നായി തെക്കൻസംസ്ഥാനത്തിൽ ആക്രമണം നടത്തിയ ജോൺബ്രൌണിൻെറ കഥ സ്മരണീയമാണ്. ഗവൺമെൻറിൻെറ വകയായുള്ള ഒരായുധശാല ആക്ര

മിച്ചതിനാൽ അയാളെ ഒടുവിൽ തൂക്കിക്കൊല്ലുകയാണുണ്ടായതു്. എങ്കിലും ജോൺബ്രൗൺ നിരോധനപ്രസ്ഥാനത്തിലെ ഒരു വീര നേതാവായി ആരാധിക്കപ്പെട്ടു.

നിരോധനപ്രസ്ഥാനത്തിൻെറ പ്രധാനകേന്ദ്രങ്ങൾ വടക്കായിരുന്നുവെങ്കിലും തെക്കുള്ള പല ഉല്പതിഷ്ണുക്കളും അതിനോടു സഹകരിച്ചുവന്നു. പ്രസ്ഥാനത്തെ നേരിട്ടു സഹായിക്കാത്ത പലരും, അതിൻെറ അഭൂതപൂർവ്വമായ സ്വാധീനശക്തിയിൽപെട്ടുവെന്നുള്ളതിന്നു സംശയമില്ല. അടിമകളെ സ്വതന്ത്രരാക്കണമെന്ന ഉദ്ദേശ്യത്തോടുകൂടെരൂപവൽകരിച്ചിട്ടുള്ള ദാസ്യമോചനസംഘടനകളിൽ വളരെ ആളുകൾ പങ്കുകൊണ്ടു. തെക്കൻസംസ്ഥാനങ്ങളിലുള്ള ജനസംഖ്യയിൽ ഏകദേശം പത്തിനൊന്നു ആളുകൾ അടിമകളെ പുലർത്തിയിരുന്നു. ഈ പ്രസ്ഥാനത്തെ ചെറുതരം കൃഷിക്കാർ എതിർത്തു ; കാരണം അവരുടെ തൊഴിലിൽ അത്യധികം മത്സരത്തിന്നു നിമിത്തം അടിമവേലയാണെന്നു അവർ അറിഞ്ഞിരുന്നു.

അടിമവ്യാപാരത്തിനൊതിരായി ശക്തിയായ പൊതുജനാഭിപ്രായം ഉണ്ടായിരുന്നുവെങ്കിലും, അതിൻെറ ഫലമായി സൃഷ്ടിപരമായുള്ള ഒരു പരിപാടി പ്രയോഗത്തിൽ വരുത്തുന്നതിനുള്ള സാദ്ധ്യതയെ പൗരയുദ്ധത്തിൻെറ പ്രവാഹം തടഞ്ഞുനിർത്തിയിരുന്നു. 'അടിമകളെ സ്വതന്ത്രരാക്കുന്നതിനുള്ള യുദ്ധം' ആണ് ഏററവും വലിയ രാഷ്ട്രീയപ്രക്ഷോഭണം എന്നു പ്രസിദ്ധവുമായിരുന്നു. വ്യവസായകേന്ദ്രമായ വടക്കും, കാർഷികകേന്ദ്രമായ തെക്കും തമ്മിലുണ്ടായിരുന്ന സങ്കീർണ്ണകലഹങ്ങളിൽ, അടിമത്തം ഒരു വാദവിഷയം മാത്രമായിരുന്നു. എന്നാൽ പൊതുജനങ്ങളുടെ നോട്ടത്തിൽ യുദ്ധത്തിലേ ഏററവും പ്രധാനമായ വിഷമ



ശനിയാഴ്ചത്തെ സാമാനം കോൾനടത്തിയശേഷം ഈ ദമ്പതികൾ, ഗ്രീൻവില്ലിലെ കർഷകകുടുംബാസവാസസ്ഥാപനത്തിന്റെ ഡയറക്ടറുടെ ആഫീസിലെത്തുന്നു. അവർക്കു അവരുടെ കളപ്പുരയോടുചേർത്തു ഒരു കെട്ടിടം വയ്ക്കുന്നതിനെപ്പററി അദ്ദേഹത്തിന്റെ വിദഗ്ദ്ധാഭിപ്രായം വേണ്ടിയിരിക്കുന്നു.



ഒരു നീഗ്രോ കർഷകകുടുംബം, കുട്ടികൾക്കു് ചെരിപ്പു വാങ്ങാൻ അടുത്തുള്ള പട്ടണത്തിലെ കടയിലേയ്ക്കു് പോകുന്നു.

പ്രശ്നം അടിമത്തം തന്നെയായിരുന്നു. യുദ്ധം തുടങ്ങിയ സമയത്തു പ്രസിഡണ്ടു ലിങ്കൻ പറഞ്ഞതു്, തന്റെ പ്രഥമവും പ്രധാനവുമായ ലക്ഷ്യം യൂണിയനെ രക്ഷിക്കുകയാണു് അല്ലാതെ, അടിമത്തം നശിപ്പിക്കുകയല്ല എന്നത്രേ. യൂണിയനെ രക്ഷിക്കുക എന്നു പറഞ്ഞാൽ, തെക്കൻസംസ്ഥാനങ്ങൾ വേർതിരിച്ചുപോകാതെ നോക്കുക എന്നാണു് സാരം. അദ്ദേഹം തന്നെ കുറേക്കഴിഞ്ഞു്, അടിമത്തം കലഹത്തിന്റെ യഥാർത്ഥമായ അടിസ്ഥാനമാണെന്നു്—അതിന്റെ ഒരു അവിഭക്തഘടകമാണെന്നു്—സമർത്ഥിക്കുകയും ചെയ്തു.

തെക്കൻ സംസ്ഥാനങ്ങളോടു നടത്തിയ യുദ്ധത്തിന്റെ ഫലം തികച്ചും വിനാശകരമായിരുന്നു. വടക്കൻജയത്തിന്റെ ഫലം അനുഭവിക്കേണ്ട നീഗ്രോകൾക്കും, അതിന്റെ ദോഷഫലങ്ങൾ അനുഭവിക്കേണ്ടി വന്നു. ലിങ്കന്റെ വിമോചന പ്രഖ്യാപനം നീഗ്രോകൾക്കു പേരിനുള്ള സ്വാതന്ത്ര്യം നേടിക്കൊടുത്തുവെങ്കിലും, സ്വാതന്ത്ര്യത്തിന്റെ സൽഫലങ്ങൾ അനുഭവിക്കുന്നതിന് ബാധകമായി യുദ്ധത്തിന്റെ ദുരന്തങ്ങൾ നില്പുകയുണ്ടായി. മാതൃഭൂമിയുടെ തകർന്ന സാമ്പത്തിക പാശ്ചാത്തലത്തിൽ, സ്വാതന്ത്ര്യം കയ്പുള്ളതായിട്ടാണു് അവർക്കു തോന്നിയതു്. തെക്കൻ സംസ്ഥാനങ്ങളിലെ ഭൂരിപക്ഷം കൃഷിക്കാർക്കും അടിമകൾ ഉണ്ടായിരുന്നില്ല. ഈ പരിതഃസ്ഥിതിയിൽ, മുമ്പു അടിമകളെ പുലർത്തിയിരുന്നവരോടു അവർ സഹാനുഭൂതി പ്രകടിപ്പിച്ചു. വീടുംതകർന്നു, തൊഴിലുംപോയി അങ്ങനെ പരിതഃസ്ഥിതി ആകെ പരിതാപകരമായിത്തീർന്നു. അതിനാൽ അവിടെയെങ്കിലും നീഗ്രോയ്ക്കു അവന്റെ സ്ഥാനം കൊടുക്കാമെന്നു അവർ തീരുമാനിച്ചു. ഈ സ്ഥാനം തോട്ടങ്ങളിലുള്ള വേല

തന്നൊയായിരുന്നു. അതിൻെറ ഫലമായി കഷ്ടിച്ചു കഴിഞ്ഞു കൂടാനുള്ള വകമാത്രം അവന്നു ലഭിച്ചു. സാമ്പത്തികമായി തല്ക്കാലം അവന്ന് ഒരു മെച്ചവുമുണ്ടായില്ല.

തെക്കൻ സംസ്ഥാനങ്ങൾക്കാകട്ടെ, പരാജയത്തിൻെറ കൈയ്പു കലർന്ന ചിന്തയും, അടിച്ചേല്പിക്കപ്പെട്ട അടിമത്ത നിരോധന നിയമങ്ങളും നിമിത്തം, നീഗ്രോയുടെ സമനില എന്നുപറഞ്ഞാൽ വടക്കരുടെ മർദ്ദനത്തിൻെറ പ്രതിരൂപമെന്നാണ് തോന്നിയതു്. ദേശീയ ഭരണകൂടത്തിൻെറ ആഭിമുഖ്യത്തിൽ നടന്നുവന്ന പുനർനിമ്മാണ പരിപാടി നീഗ്രോയുടെ അവകാശങ്ങളെ സ്ഥാപിച്ചുകൊടുക്കുന്നതിന്ന് തീവ്രമായി പരിശ്രമിച്ചു. പലതരത്തിലും ഈ പരിപാടി മനോധമ്മം നിറഞ്ഞതും, തീക്ഷ്ണവും, ഫലകരവുമായിരുന്നു. എന്നാൽ തെക്കെ സംസ്ഥാനങ്ങളിലേയ്ക്കു അയയ്ക്കപ്പെട്ട പല ഉദ്യോഗസ്ഥന്മാരും അപ്രാപ്തരും അഴിമതിക്കാരും ആയിരുന്നു. അവരിൽ പ്രാപ്തരായവർ തെക്കൻ എതിർപ്പിൻെറ ഉഗ്രത നല്ലവണ്ണം അനുഭവിക്കേണ്ടിവന്നു. ഈ സമരത്തിൽ നീഗ്രോസഹായം ഉണ്ടായി. തെക്കൻ ജനങ്ങൾ അപ്പോൾ കൂട്ടങ്ങളായി സംഘടിച്ചു. അടിമകളെ കാവലിൽ നിർത്തുക, അടിമസംഘങ്ങളുടെ വിദ്ധ്വംസപ്രവർത്തനങ്ങളെ ചെറുക്കുക, നീഗ്രോകളേയും അവരോടു സഹതാപം കാണിക്കുന്ന വെള്ളക്കാരേയും ഭീഷണിപ്പെടുത്തുക ഇതൊക്കെയായിരുന്നു പ്രസ്തുതസംഘടനകളുടെ ലക്ഷ്യം. മലഞ്ചെരിവുകളിൽ എരിഞ്ഞു കൊണ്ടിരിക്കുന്ന കുരിശുകളും, രാത്രിയിൽ ശിരോരക്ഷി ധരിച്ചു പാഞ്ഞു നടക്കുന്ന കുതിരപ്പടയാളികളും, പുതിയതായിനേടിയ സ്വാതന്ത്ര്യം പ്രയോഗിക്കരുതെന്നു ഭയപ്പെടുത്തി. ഇതിൻെറയെല്ലാം ഫലമായി കൂട്ടംകൂടി ബഹ

ളുമുണ്ടാക്കുന്ന ഒരു പതിവ് വളരെക്കാലം തെക്കൻ സംസ്ഥാനങ്ങളിൽ നിലവിലിരുന്നു. ഈ സ്ഥിതി ഏററവും അനാശാസ്യമാണെന്ന് പ്രസ്താവിക്കുകയും, അതു പരിഹരിക്കുന്നതിന് പരിശ്രമിക്കുകയും ചെയ്യുന്ന സ്വാധീനശക്തിയുള്ള പലരും തെക്കുണ്ടായിരുന്നുവെന്നതു വിസ്മരിച്ചു കൂടാ.

രാഷ്ട്രത്തിൻെറ ചരിത്രം നോക്കുമ്പോൾ അടിമത്തം ഇല്ലായ്മ ചെയ്തിട്ട് വളരെ നാളുകൾ ആയിട്ടില്ല എന്നറിയാം. ഇന്നു ജീവിച്ചിരിക്കുന്ന സ്ത്രീകളുടെയും പുരുഷന്മാരുടെയും മാതാപിതാക്കന്മാർ അടിമകളായി ജനിച്ചവരോ അടിമകളെ പുലത്തുന്നവരോ ആയിരുന്നു. അവരും അവരുടെ മക്കളും ഇക്കഥ ശരിക്കു ഓർക്കുന്നില്ലെങ്കിലും, പരമ്പരാഗതമായ അവരുടെ അവകാശങ്ങളുടെ കൂട്ടത്തിൽ പഴയ മനോഭാവങ്ങൾ കലർന്നിട്ടുണ്ടാവുമെന്നുള്ളതിന്ന് തക്കമില്ല. ഈ പാശ്ചാത്തലം ഓർമ്മവച്ചു ഇതുവരെയുള്ള നീഗ്രോയുടെ ഇതുവരെയുള്ള പുരോഗതിയും, അയാളുടെ പ്രശ്നങ്ങൾ പൂർണ്ണമായി പരിഹരിക്കുവാനുള്ള മാർഗ്ഗങ്ങളും പരിഗണിക്കേണ്ടതു്.

## എത്രത്തോളം പുരോഗമിച്ചു?

ഏതു അടിസ്ഥാനം വച്ചുനോക്കിയാലും 1900-നുശേഷം മററു അമേരിക്കൻ ജനവിഭാഗങ്ങളോടു താരതമ്യപ്പെടുത്തി നോക്കുമ്പോൾ നീഗ്രോജനങ്ങൾക്കു കൂടുതൽ സാമൂഹ്യനേട്ടങ്ങൾ ഉണ്ടായിട്ടുണ്ടെന്നു കാണാം. ഈ പ്രസ്താവന സാമൂഹ്യ സ്ഥിതിവിവരക്കണക്കുകൾ അടിസ്ഥാനമാക്കിയാണ് ചെയ്തിരിക്കുന്നതെന്നു മാത്രമല്ലാ, സമര ത്തിന്നുവേണ്ടി നേരിട്ട പരിശ്രമം നട

ത്തുന്ന നീഗ്രോനേതാക്കന്മാരുടെ അഭിപ്രായവും അതു തന്നെയാണ്. ഐക്യസംസ്ഥാനങ്ങളുടെ സെൻസസ് ബ്യൂറോവിൽ, നീഗ്രോസ്ഥിതിവിവരങ്ങളുടെ വിദഗ്ദ്ധനായ ഡാക്ടർ ജോസഫ് ആർ. ഹൌച്ചിൻസാണു അവരിൽ ഒരു പ്രധാനി. അദ്ദേഹത്തിൻെറ പ്രവർത്തനങ്ങളെ പരാമർശിക്കുന്ന ഒരു ലേഖനം എബണി ( Ebony) എന്ന പേരിൽ നീഗ്രോകൾ നടത്തുന്ന ഒരു ചിത്രമാസികയിൽ ഈയ്യിടെ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. അതിൽ 1950ലെ സ്ഥിതിവിവരണക്കണക്കു എവിടെയുമുള്ള നീഗ്രോകൾക്കു് ന്യായമായ അഭിമാനത്തിന് വക തരുന്നുണ്ട് എന്ന് പ്രസ്താവിച്ചിരിക്കുന്നു. രാഷ്ട്രീയരംഗത്തു നീഗ്രോകളുടെ ഗണ്യമായ മുന്നേററം വ്യക്തമായ കണക്കുകൾകൊണ്ടു് കാണിച്ചിരിക്കുന്നതു കൃതാൎത്ഥതയ്ക്കു് വക നൽകുന്നുവെന്ന് അതിൽ എടുത്തു പറഞ്ഞിരിക്കുന്നു. തൊഴിൽ, ആദായം എന്നിവ മുതൽ ആരോഗ്യം, വിദ്യാഭ്യാസം എന്നുവരെയുള്ള കാൎയ്യങ്ങളിൽ എണ്ണത്തിലുള്ള വികാസം മാത്രമല്ലാ മററു വളർച്ചകളും ഗണനീയങ്ങളായിട്ടുണ്ടു്.

നീഗ്രോകളുടെ പുരോഗതി അതിൻെറ പരമലക്ഷ്യത്തിൽ എത്തണമെങ്കിൽ, വിദേ്വഷമനോഭാവമേ ബഹിഷ്കരിക്കേണ്ടതാണെന്നു രണ്ടുജാതികളിലുമുള്ള ലക്ഷക്കണക്കിനു ആളുകൾ വിശ്വസിക്കുന്നു. ഇപ്പോൾ അവരുടെ പ്രവർത്തനങ്ങൾ കുറെക്കൂടെ വ്യക്തമായ പരിപാടികളിൽ ലയിച്ചിരിക്കുകയാണ്. വിദ്യാലയങ്ങൾ, വീടുകൾ, തൊഴിലുകൾ എന്നിവ അവയിൽ ഉൾപ്പെടും. ഈ മണ്ഡലങ്ങളിലുള്ള ലാഭങ്ങൾ, മനഃശാസ്ത്രമുൾപ്പെടെയുള്ള മററു മണ്ഡലങ്ങളിലും ലാഭത്തിന്നു കാരണമായി ഭവിക്കുമെന്നാണ് അവരുടെ അഭിമതം. വ്യക്തമായി

അറിയുവാൻ കഴിയുന്ന രംഗങ്ങളിലുള്ള പുരോഗതി, ജാതികൾ തമ്മിലുള്ള ബന്ധത്തിൻെറ സദ്ഗതിയെ ചൂണ്ടിക്കാട്ടുമെന്ന് അവർ വിശ്വസിക്കുന്നു.

## അതിന് എന്താണ് തെളിവ് ?

നീഗ്രോയുടെ പൊതുവിലുള്ള പുരോഗതിയുടെ ഏററവും നല്ല അടയാളം വിദ്യാഭ്യാസ പുരോഗതിതന്നെ ആയിരിക്കാം. അയാൾ എത്രത്തോളം നിരക്ഷരകുക്ഷിയും, വിദ്യാഭ്യാസരഹിതനും ആയിരിക്കുന്നുവോ അത്രത്തോളം അയാൾക്ക് നല്ല ജോലിക്ക് എങ്ങനെയാണ് സന്ദർഭമുണ്ടാവുക? നല്ല ജോലിയിൽ നിന്നുമുള്ള നല്ല വരുമാനം കൂടാതെ നല്ല വീട്ടിൽ താമസിക്കുവാൻ എങ്ങനെയാണ് സാധിക്കുക? മോശമായ ഗൃഹപരിതഃസ്ഥിതികൾ രോഗത്തിനും, കുററങ്ങൾക്കും, നൈരാശ്യത്തിനും വളം വച്ചുകൊടുക്കുന്നു. വിദ്യാഭ്യാസമുണ്ടെങ്കിൽ സ്വന്തം അവകാശങ്ങൾക്കുവേണ്ടി വാദിക്കാൻ അയാൾക്കു കഴിയുന്നു. സ്വന്തം സമുദായത്തിൻെറ പ്രശസ്തിയും ആത്മാഭിമാനവും അയാൾ വർദ്ധിപ്പിക്കുന്നു. വെള്ളക്കാരെ അഭിമുഖീകരിക്കുന്നതിന് അയാൾ മടിക്കയുമില്ല. എല്ലാററിലും ഉപരിയായി സാമൂഹ്യോത്തരവാദിത്വങ്ങൾ സ്വീകരിക്കുന്നതിനും ശരിയായ ഒരു സാംസ്കാരികനില പാലിക്കുന്നതിനും അയാൾക്കു കഴിയുന്നു. തൽഫലമായി സാമൂഹ്യമായുള്ള പതിത്വം ക്രമേണ ഒഴിഞ്ഞു മാറുകയും ചെയ്യുന്നു.

ഈ ശതകത്തിൻെറ ആരംഭഘട്ടത്തിൽ, നീഗ്രോ പുരോഗതിയുടെ ആണിക്കല്ലായ സാക്ഷരത്വം 56 ശതമാനം മാത്രമാ

യിരുന്നു. 1940ലെ സ്ഥിതിവിവരണക്കണക്കിൻ പ്രകാരം അതു 90 ശതമാനമായി വർദ്ധിച്ചിട്ടുണ്ടു്. 1900-ാമാണ്ടു് വിദ്യാലയത്തിൽ പോകേണ്ട പ്രായത്തിലുള്ള കുട്ടികൾ പകുതിയിലധികവും സ്കൂളിൽ പോയിരുന്നു. പക്ഷെ അവരിൽ 62 ശതമാനം മാത്രമേ ക്രമമായി ഹാജർ കൊടുത്തിരുന്നുള്ളു. 1950-ൽ പത്തിൽ ഒൻപതും സ്കൂളിൽ പോയിത്തുടങ്ങി. ഹാജർ ശതമാനം 86 ആയി അഭിവൃദ്ധിപ്പെടുകയും ചെയ്തു. കോളേജ്‌വിദ്യാഭ്യാസത്തിന്റെ പുരോഗതി ഇതിനേക്കാൾ ശീഘ്രതരമായിരുന്നു. 1920-ൽ ഹൈസ്കൂളുകളിൽനിന്നും ജയിച്ചിറങ്ങിയതിലധികം നീഗ്രോകൾ, 1948-ൽ കോളേജുകളിൽനിന്നും ബിരുദധാരികളായി പുറത്തു വന്നു.

വടക്കൻ സംസ്ഥാനങ്ങളിലുള്ള എഴുപതിൽപരം കോളേജുകളിൽ നീഗ്രോപ്രൊഫസറന്മാർ ഉണ്ടു്. ഇതു കൂടാതെ നീഗ്രോകളുടെവകയായി കാളേജുകളും സർവ്വകലാശാലകളുമായി 68 സ്ഥാപനങ്ങളുമുണ്ടു്. ഇവയിൽ പലതും തെക്കാണ് സ്ഥിതിചെയ്യുന്നതു്. 1900-നു ശേഷം നീഗ്രോകോളേജുകളിലുള്ള പ്രവേശന വർദ്ധനവ്, വെള്ളക്കാരുടെ വർദ്ധനവിനേയപേക്ഷിച്ച് ആറിരട്ടിയാണു്.

സാമൂഹ്യപുരോഗതിയുടെ നോട്ടത്തിൽ ഈ കണക്കുകൾ എന്താണു് കാണിക്കുന്നതു്? ഒന്നാമതായി സാമ്പത്തിക നിലയിൽ വലിയ ഒരഭിവൃദ്ധി അതുകൊണ്ടുണ്ടായിട്ടുണ്ടു്. കുറച്ചു കാലം മുമ്പ് മിക്കവാറും എല്ലാ നീഗ്രോബാലന്മാരും ബാലികമാരും നിത്യവൃത്തിക്കുവേണ്ടി ജോലി ചെയ്യേണ്ടിയിരുന്നു. ഇന്നു വളരെയധികം നീഗ്രോകൾ എഞ്ചിനീയർമാർ, ഡാക്ടർമാർ, അഭിഭാഷകന്മാർ, പ്രൊഫസർമാർ, എഴുത്തുകാർ എന്നീ രംഗങ്ങ

ളിൽ പരിശീലനം നേടിവരുന്നു. നീഗ്രോകളുടെ ഭാഗം വാദിക്കുന്നതിനായി പ്രസ്തുതസമുദായത്തിൽ നേതാക്കന്മാരുടെ ഒരു വലിയ സൈന്യംതന്നെ അരയും തലയും മുറുക്കിവരുന്നുണ്ടെന്നാണ് ഈ കണക്കുകൾ കാണിക്കുന്നതു്. വിദ്യാഭ്യാസരംഗത്തു് തുല്യസന്ദർഭം ലഭിക്കത്തക്ക ഒരു നിലയിലുയർന്നു നീഗ്രോ ഉടനേതന്നെ എത്തുമെന്ന് പ്രതീക്ഷിക്കാവുന്നതാണ്.

തങ്ങളുടെ സമുദായത്തോടു വെള്ളക്കാർ കാണിക്കുന്ന ക്രൂരതയേയും നിന്ദാർഹമായ പക്ഷപാതത്തേയുംകുറിച്ചു അഭ്യസ്തവിദ്യരും, നോവൽ കർത്താക്കളും പത്രപ്രവർത്തകരുമായ നീഗ്രോകൾ വെള്ളക്കാരുടെ ഹൃദയത്തേ ചലിപ്പിക്കുന്ന വിധത്തിൽ എഴുതി പ്രസിദ്ധപ്പെടുത്തുന്നു. 1900-ാമാണ്ടു് തെക്കും വടക്കുമുള്ള വെള്ളക്കാരിൽ ഭൂരിപക്ഷവും, നീഗ്രോയുടെ അപകൃഷ്ടനിലയേക്കുറിച്ചു് പറയുന്നതിനു് ലജ്ജിച്ചിരുന്നില്ല. അലസനും, അജ്ഞനും, നിരുത്തരവാദിയും, അപഹാസ്യനുമായുള്ള ഒരു നിലയിൽ നീഗ്രോയേ ചിത്രീകരിച്ചാൽ അന്നു് അതു് സ്വീകാര്യമായിരുന്നു. ഇന്നു് ഈ യഭിപ്രായം സമൂലം പരിഷ്ക്കരിക്കാത്ത ഒരു സമുദായവും നിലവിലില്ല. ഈ മാററത്തിൻെറ വ്യക്തമായ പ്രതിഫലനം ഇന്നത്തേ അമേരിക്കൻ സിനിമാപടങ്ങളിൽ കാണാൻ കഴിയും. ഈയടുത്തകാലം വരെക്കും പടങ്ങളിൽ വിഡ്ഢിവേഷങ്ങൾ മാത്രമാണ് നീഗ്രോകൾക്കു കൊടുത്തുവന്നതു്. ഇന്നത്തേ നീഗ്രോകളുടെ പ്രശ്നങ്ങളും, അഭിവാഞ്ഛകളും, അഭിമാനവും, ആത്മാർത്ഥതയും, യാഥാർത്ഥ്യബോധവും ശരിക്കു ചിത്രീകരിക്കുന്ന അരഡസൻ പ്രധാന ചിത്രങ്ങൾ 1949-ലും 1950ലുമായി ഹോളിവുഡ്ഡിൽ പ്രസാധനം ചെയ്തിട്ടുണ്ടു്. കോടിക്കണക്കായി അവ ദർശിച്ച ആളുകൾ അവയുടെ വിജയം ഉറച്ചു പ്രഖ്യാപിക്കുന്നുണ്ടു്. അമേ

രിക്കൻ പത്രങ്ങൾ ജാതിവ്യത്യാസവാദം വളർത്തുവാൻ പരിശ്രമിക്കുന്നു എന്നു കാണിക്കുന്നതിനു വിദേശികളായ ചില എഴുത്തുകാർ നടത്തുന്ന പരിശ്രമം അസ്ഥാനസ്ഥിതമത്രേ. അഭിപ്രായസ്വാതന്ത്ര്യം പൗരാവകാശമായിരിക്കുന്ന ഒരു നാട്ടിൽ, ഇഷ്ടംപോലെ എഴുതിവിടുന്നതിനു സ്വാതന്ത്ര്യം എല്ലാവർക്കുമുണ്ടെന്നതു ശരിതന്നെ. അതിനാൽ ആയിരക്കണക്കിനുള്ള അമേരിക്കൻ പത്രങ്ങളിൽനിന്നും ജാതിപ്രശ്നത്തേപ്പററി അതിശയോക്തിയും അസത്യവും കലർന്ന ഏതുതരം പ്രസ്താവങ്ങളും പെറുക്കിയെടുക്കുന്നതിനു കഴിയുന്നതാണ്. പക്ഷെ ഇങ്ങനെയുള്ള പ്രസ്താവനകളെയും സങ്കുചിതവർഗ്ഗീയതയേയും ഊതിവീർപ്പിച്ചു, ഹിററ്ലരുടെ ആര്യവർഗ്ഗത്തോടു താരതമ്യപ്പെടുത്തത്തക്ക ഒരു ആദർശമായി എടുത്തുകാട്ടുന്നതു് തികച്ചും അടിസ്ഥാനരഹിതമാകുന്നു. 1950 മേയിൽ അവസാനിക്കുന്ന ഒരു വർഷത്തിനുള്ളിൽ, അമേരിക്കൻ പത്രങ്ങളിൽ 'ഐക്യസംസ്ഥാനങ്ങളിലെ നീഗ്രോകൾ' എന്ന പൊതുവിഷയം ആസ്പദമാക്കി 100 ലേഖനങ്ങൾ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. ഇവയിൽ ഒരെണ്ണംപോലും വർഗ്ഗീയവാദത്തെ സാധൂകരിക്കുന്നതായിട്ടില്ല. നീഗ്രോകളുടെ അവകാശങ്ങൾക്കു വേണ്ടി വാദിക്കുന്നവയും, പ്രസ്തുത പ്രശ്നങ്ങൾക്കു പരിഹാരം കണ്ടുപിടിച്ചിട്ടുള്ള സമൂഹങ്ങളേയും പ്രസ്ഥാനങ്ങളേയും പ്രശംസിക്കുന്നവയും ആണ് ഭൂരിപക്ഷം ലേഖനങ്ങളും.

ദേശീയഗവമ്മെൻറിൻെറ നയത്തോടനുകൂലിച്ചുള്ളതാണു പത്രങ്ങളുടെ നയം എന്നുമാത്രമല്ല, അമേരിക്കയിലെ മനഃശാസ്ത്രജ്ഞന്മാർ, നരവംശശാസ്ത്രജ്ഞന്മാർ, സാമൂഹ്യശാസ്ത്രജ്ഞന്മാർ പാരമ്പര്യശാസ്ത്രജ്ഞന്മാർ എന്നിവരുടെയെല്ലാം സ്വാധീനശക്തിയും അവയിൽ പ്രകടമാണ്. ഈ കൂട്ടത്തിലുള്ള വിജ്ഞന്മാ

AINAMARUL ISLAM HIGH SCHOOL
Date ..................
ERNAKULAM



യാത്രക്കാർക്കു് മികച്ച സേവനങ്ങൾ നൽകിയതിനു്, ലൂയിവിൻ ആൻഡ് നാഷ്‌വിൻ റെയിൽവേയിലെ ഒരു ജോലിക്കാരനായ ആൽബെർട്ടു് ജെ. ലൈവ്‌ലി (വലത്തു്) എന്ന നീഗ്രോ അമേരിക്കൻ വൈസ് പ്രസിഡണ്ടിൻെറ പത്നി മിസ്സിസ് ആൽബെൻ ഡബ്‌ളിയു ബാർക്‌ലിയിൽനിന്നു് 'ഇക്കൊല്ലത്തെ തീവണ്ടിപ്പാത മനുഷ്യൻ' എന്ന സമ്മാനം സ്വീകരിക്കുന്നു.



ഒരു പ്രമുഖ നീഗ്രോവനിതയായ മിസ്സിസ് ഈഡിത്ത് സാംപ്സൻ, പാരീസിൽവച്ചു നടന്ന അഞ്ചാമത്തെ ഐക്യരാഷ്ട്ര ജനറൽ അസംബ്ളി സമ്മേളനത്തിലെ അമേരിക്കൻ പ്രതിനിധികളിൽ ഒരാളായിരുന്നു.



നോബൽസമ്മാനം ലഭിച്ച അമേരിക്കൻ നീഗ്രോ ഡോ. ബഞ്ച്. അദ്ദേഹത്തോടുകൂടിയുള്ളവർ :— (വലത്തുനിന്ന്) മിസ്സിസ് വിജയലക്ഷ്മി പണ്ഡിററ്, മിസ്സിസ് മേരി മക്‌ലിയോഡ് ബെത്യൂൺ, പ്രസിഡണ്ട് ട്രൂമാൻ.



അനാപ്പോലിസിലെ യു. എസ്. നാവിക അക്കാഡമിയിൽ നിന്നു് ബിരുദം നേടിയ, വാഷിംഗ്ടൺ സ്വദേശിയായ വെസ്‌ലി എ. ബ്രൗൺ, തനിക്കു കിട്ടിയ ഡിപ്ലോമാ, തന്റെ അമ്മ മിസ്സിസ് കെ. റോസെററാ ബ്രൗണിനെ കാണിക്കുന്നു. ബ്രൗൺ, അമേരിക്കൻ നാവിക സൈന്യത്തിലെ പത്താമത്തെ നീഗ്രോ ആഫീസറും, അനാപ്പോലീസു അക്കാഡമിയിൽ നിന്നു പാസ്സാകുന്ന ആദ്യത്തെ നീഗ്രോയുമാണു്.

രുടെ ശാസ്ത്രീയാവലോകനങ്ങൾ വർഗ്ഗീയമേധാവിത്വത്തിന്റെ അടിസ്ഥാനത്തെ ശിഥിലീകരിച്ചിട്ടുണ്ട്; എന്നുമാത്രമല്ല, നരവംശശാസ്ത്രജ്ഞനായ ഫ്രാൻസ് ബോവാസു തുടങ്ങിയ പല പ്രസിദ്ധ ശാസ്ത്രജ്ഞന്മാരും നീഗ്രോ വിരുദ്ധ ചിന്താഗതി അപലപ്പനീയവും അനീതികലർന്നതുമാണെന്ന തെളിയിക്കുന്നതിന്ന തങ്ങളുടെ ജീവിതത്തിന്റെ ഒരു നല്ല ഭാഗം ചെലവഴിച്ചിട്ടുമുണ്ട്. വർഗ്ഗീയ പ്രശ്നങ്ങളെ അധികരിച്ചുള്ള ഐക്യരാഷ്ട്രപ്രഖ്യാപനം എഴുതിയുണ്ടാക്കിയ എട്ടംഗകമ്മിററിയിൽ, ഫ്രാൻക്ലിൻ ഫ്രേസിയർ, ആഷ്ലീമൊണ്ടേഗ്യൂ എന്നീ രണ്ടു വിദഗ്ദ്ധരായ പ്രഫസറന്മാർ അംഗങ്ങളായിരുന്നു.

വാസനാസമ്പന്നരായ നീഗ്രോ കലാകാരന്മാരുടെ പ്രവർത്തനവും വിദ്യാഭ്യാസം നൽകുന്ന ഒരു ശക്തിതന്നെയായിരുന്നു എന്നതിന്ന സന്ദേഹമില്ല. മിക്കവാറും എല്ലാ അമേരിക്കരും പാശ്ചാത്യസംഗീതലോകത്തുള്ള പലരും, നീഗ്രോ ഗായകന്മാരുടെയും ഗാനരചയിതാക്കളുടെയും സംഭാവനയുടെ മഹിമയെക്കുറിച്ചു ശരിക്കറിയുന്നവരാണ്. ഒരു 'അമേരിക്കൻശൈലി' സംഗീതത്തിൽ അവതരിപ്പിക്കുന്നതിന്ന് അവർക്ക് കഴിഞ്ഞിട്ടുണ്ടെന്ന കാര്യ്യവും അവിതർക്കിതമാണ്. ഒഥല്ലോവിലെ പോൾ റോബ്സൺ മുതൽ ഇയ്യിടെ അന്തരിച്ച ബിൽറോബിൻസൺവരെയുള്ള നടന്മാരെക്കുറിച്ചു ആലോചിക്കുമ്പോൾ, അഭിനയകലയിൽ നീഗ്രോകൾ നേടിയിട്ടുള്ള പ്രശസ്തിയും വ്യക്തമാകുന്നതാണ്. ആൻപെട്രി, കൗണ്ടീകല്ലൻ, ലാങ്സ്റ്റൻഹ്യൂഗ്സ്, റിച്ചാർഡു റൈററ്, സോറാ നീൽഹഴ്സ്റ്റൺ എന്നിങ്ങനെയുള്ള നോവൽ കർത്താക്കളും, കവികളും, നീഗ്രോജീവിതത്തിന്റെ അകവും പുറവും യഥാതഥമായും, മനോധർമ്മവിലാസത്തോടും ചിത്രീകരിച്ചിട്ടുണ്ട്. ഇന്നുള്ള വെള്ളക്കാരായ എഴുത്തുകാരുടെ കൂട്ടത്തിൽ നല്ല പെരുമ

യുള്ള ചിലരേ നീഗ്രോജീവിതത്തിൻെറ നാടകീയതയും, വിഷാദാത്മകതയും നല്ലതുപോലെ സ്പർശിച്ചിട്ടുണ്ട്. പ്രത്യേകമായി തെക്കൻ സംസ്ഥാനങ്ങളിലേ ലലിയൻസ്മിത്ത്, യൂഡോറാ വെൽററിവില്ല്യം ഫോക്നർ എന്നിവരുടെ പേരുകൾ എടുത്തുപറയാവുന്നതാണ്. അമേരിയ്ക്കൻ സംസ്കാരത്തിന്നു നീഗ്രോകളുടെ സംഭാവന ഇന്ന് എല്ലാവരും അംഗീകരിച്ചിരിക്കുന്നു. ഈ അംഗീകാരത്തിൽ നിന്നും നീഗ്രോകളുടെ നിലയും സ്ഥാനവും ഉയർന്നിട്ടുണ്ടെന്നതിന്നു സംശയമില്ല. ഇതിനേക്കാൾ പ്രാധാന്യം അർഹിക്കുന്നതു്. നീഗ്രോകളെപ്പററിയുള്ള ഫിലിമുകളിലും പുസ്തകങ്ങളിലും കൂടെ, അവരുടെ പരിത:സ്ഥിതികളും നിലപാടുകളും വികാരാർദ്രമായ വിധത്തിൽ കൈകാര്യം ചെയ്യപ്പെട്ടിട്ടുണ്ട് എന്ന കാര്യമാണ്.

കാര്യങ്ങളുടെ അടിസ്ഥാനങ്ങളെ സ്പർശിക്കുന്ന ഒരു പ്രധാനോപകരണമാണ് കല എന്ന് അങ്ങനെ സിദ്ധിക്കുന്നു. നീഗ്രോയ്ക്കു് ഭാവിയിലെ ഏററവും വലിയ പ്രതീക്ഷ വിദ്യാഭ്യാസമാകുന്നു. എന്നാൽ ഇന്നത്തെ പ്രതീക്ഷ, തൊഴിൽ, ആദായം, എന്നിവ സംബന്ധിച്ചുള്ള പ്രശ്നങ്ങളുടെ പരിഹാരമാർഗ്ഗവുമായി അവിഭക്തമായി സംഘടിച്ചിരിക്കുന്നു. ഈ കാര്യങ്ങളിൽ നീഗ്രോയ്ക്കുണ്ടായിട്ടുള്ള നേട്ടങ്ങൾ പല ഘടകങ്ങളേയും പ്രതിഫലിപ്പിക്കുന്നു. പ്രധാനങ്ങളായ നിയമനിമ്മാണങ്ങൾ, വർഗ്ഗീയ മനോഭാവത്തിലുള്ള വ്യത്യാസം, നാടിൻെറ പൊതുവിലുള്ള ക്ഷേമം എന്നിവയെല്ലാം അക്കൂട്ടത്തിൽ ഉൾപ്പെടുന്നു. എന്നാൽ ഇനിയും വളരെ ചെയ്യാൻ ശേഷിച്ചിട്ടുണ്ട്. ഇന്നും വെള്ളക്കാരൻെറ ശരാശരി ആദായം നീഗ്രോയുടേതിനേക്കാൾ വളരെ കൂടുതലാണ്. എന്നാൽ ആ വിടവു ചുരുങ്ങിവരികയാണ്. ശരാശ

രികൾ നോക്കിയതുകൊണ്ടുമാത്രം ശരിയ്ക്കുള്ള ചിത്രം സംഗ്രഹമാകയില്ല. നീഗ്രോയുടെ ശരാശരി ആദായം താരതമ്യേന കുറവാണെങ്കിലും, അവൻെറ ജീവിതരീതി വെള്ളക്കാരൻേറതുപോലെ തന്നെയാണെന്ന വസ്തുത വിദേശികൾക്കു മനസ്സിലാവുകയില്ല. ചില നീഗ്രോകൾ വലിയ ജന്മികളാണു്; ചിലർ വമ്പിച്ച പണക്കാരായ ബിസ്സിനസ്സുകാരുമാണു്. ബാങ്കുകളിലും പൊതു സ്ഥാപനങ്ങളിലും, ഇൻഷ്വറൻസു കമ്പനികളിലും, കടകളിലും എല്ലാം നീഗ്രോകൾ ജോലിചെയ്യുന്നുണ്ടു്. അവരുടെ കൂട്ടത്തിൽ ഊർജ്ജതന്ത്രജ്ഞന്മാരും, രസതന്ത്രജ്ഞന്മാരും, മനഃശാസ്ത്രജ്ഞന്മാരും, ഡോക്ടർമാരും, ലോഹശാസ്ത്രജ്ഞന്മാരും എല്ലാം ഉണ്ടു്. ശരാശരി കണക്കിനു് 78 ഏക്കർ വിസ്താരമുള്ള തോട്ടങ്ങൾ കൈവശമുള്ള 200,000 നീഗ്രോകൾ ഉണ്ടു്. നീഗ്രോകൾ ഇല്ലാത്ത ഉദ്യോഗങ്ങളോ, അവർക്കു അലഭ്യമായുള്ള ശമ്പളമോ ഇല്ല. എങ്കിലും ഉയർന്ന തുറകളിൽ അവരുടെ എണ്ണം താരതമ്യേന കുറവുതന്നെയാണു്. കൃഷിപ്പണിയിലും വ്യവസായങ്ങളിലും തൊഴിലാളികൾ എന്ന നിലയിലാണു അവരിൽ ഭൂരിപക്ഷവും ആദായമുണ്ടാക്കുന്നതു്. വ്യവസായസംബന്ധമായ തൊഴിലുകളിൽ നീഗ്രോകളുടെ എണ്ണം 1910-ൽ 100,000 മാത്രമായിരുന്നതു് 1950-ൽ 1,500,000ആയി വർദ്ധിച്ചിരിക്കുന്നു എന്ന ഒററക്കാര്യംതന്നെ സാമ്പത്തികസമത്വത്തിലേക്കു് അവർ എത്രത്തോളം വളർന്നിട്ടുണ്ടെന്നു ചൂണ്ടിക്കാണിക്കുന്നു. അതേസമയം തന്നെ, കൃഷിത്തൊഴിലാളികളായ നീഗ്രോക്കളുടെ സംഖ്യ ഗണ്യമായിക്കുറഞ്ഞിട്ടുണ്ടു്. ഇന്നു് നീഗ്രോ ജനസംഖ്യയുടെ ഏതാണ്ടു അഞ്ചിൽ മൂന്നു ഭാഗം പട്ടണങ്ങളിലാണു് വസിക്കുന്നതു്.

അമേരിക്കൻ നീഗ്രോകളുടെ ഭൂരിഭാഗവും - ഏതാണ്ടും അഞ്ചിൽ നാലുഭാഗം - തെക്കൻ സംസ്ഥാനങ്ങളിലാണ് ഇന്ന് ജീവിക്കുന്നത് അതിനാൽ ആ പ്രദേശങ്ങളുടെ സാമ്പത്തികപുരോഗതിയനുസരിച്ചിരിക്കും അവരുടെ സാമ്പത്തികപുരോഗതിയും എന്ന കാര്യം വ്യക്തമാണല്ലോ. (തെക്കൻസംസ്ഥാനങ്ങളിലെ ആളുകളുടെ വരവ്, വ്യവസായസമൃദ്ധമായ വടക്കൻ സംസ്ഥാനങ്ങളിലെ ആളുകളുടേതിനേക്കാൾ 30 ശതമാനം കുറവാണ്.) തെക്കുള്ള പൗരന്മാർക്ക്, അവർ വെള്ളക്കാരോ നീഗ്രോകളോ ആയിക്കൊള്ളട്ടെ, ഭദ്രവും അടിയുറപ്പുമായ ഒരു സാമ്പത്തിക നില അത്യന്താപേക്ഷിതമാണ്. വെള്ളപ്പൊക്കനിയന്ത്രണം, ജലസംഭരണം, വിദ്യുച്ഛക്തിസമ്പാദനം, കൃഷിവികസനം, ലഘുവ്യവസായസംവർദ്ധനം എന്നീ ഉപാധികളിൽക്കൂടി ആയിരം മൈൽ അകലമുള്ള ടെന്നസീ നദീതീരത്ത് 1934 ൽ തുടങ്ങി ഉദ്ധാരണ പരിശ്രമങ്ങൾ തെക്കൻ പ്രദേശങ്ങളുടെ ഉദ്ധാരണത്തിനു ചേർന്ന ഒരു മാതൃകയായി എല്ലാവരും ഗണിക്കുന്നുണ്ട്. തുണിനെയ്ത്തു മില്ലുകൾ, കടലാസ്സു മില്ലുകൾ, തുടങ്ങിയ വ്യവസായ കേന്ദ്രങ്ങളിലേക്ക് ഇന്ന് തെക്കുള്ളവർ നോക്കുന്നത് കൂടുതൽ ശമ്പളം ലഭിക്കണമെന്ന ഉദ്ദേശ്യത്തിലാണ്. ഈ വ്യവസായ വല്ക്കരണം അത്ര ബൃഹത്തും, വ്യാപൃതവുമായിരുന്നതിനാൽ, ഇതിന്റെ പ്രയോജനമുണ്ടാകാത്ത പ്രദേശങ്ങളെ 'പുതിയ തെക്കൻ പ്രദേശം' എന്നാണ് ഇന്നു വിളിച്ചുവരുന്നത്.

നീഗ്രോക്കളുടെ സാമ്പത്തികസ്ഥിതി അഭിവൃദ്ധിപ്പെട്ടുവെന്നതുപോലെ തന്നെ പ്രധാനമായുള്ള ഒരു കാര്യമാണ്, അവരിൽ ഒരു നല്ലപങ്കു തെക്കുനിന്നും വടക്കുള്ള വ്യവസായ കേന്ദ്രങ്ങളിലേക്കു പോയി എന്നുള്ളതും. 1910നും 1940നും ഇടയ്ക്കു

ഇരുപതു ലക്ഷത്തോളം നീഗ്രോകൾ വടക്കോട്ടു പോയിട്ടുണ്ടെ ന്നാണ് കണക്കെടുത്തിട്ടുള്ളതു്. യുദ്ധകാലത്തു വീണ്ടും ഒരു പത്തുലക്ഷംകൂടെ പോയി. ഒന്നാം ലോകമഹായുദ്ധത്തിന്നും, രണ്ടാം ലോകമഹായുദ്ധത്തിന്നും ഇടയ്ക്കു യുദ്ധം സംബന്ധമായ വ്യവസായങ്ങളിൽ സാങ്കേതികജ്ഞാനമുള്ള നീഗ്രോകളുടെ എണ്ണം ഒന്നുമില്ലായ്മയിൽനിന്നും പത്തുലക്ഷത്തിലധികമാ യിത്തീൎന്നു. യന്ത്രം നിയന്ത്രിക്കുന്നവർ, ഉപകരണങ്ങൾ ഉണ്ടാ ക്കുന്നവർ, കൊല്ലപ്പണി ചെയ്യുന്നവർ, ആശാരിപ്പണി ചെയ്യുന്ന വർ, ഇരുമ്പു പണിക്കാർ, വിദ്യുച്ഛക്തി വേലചെയ്യുന്നവർ എ ന്നിങ്ങനെ പല തരക്കാർ അക്കൂട്ടത്തിൽ ഉൾപ്പെടുന്നു.

കറുത്തവരും വെളുത്തവരുമായ അമേരിക്കർ, സ്വാതന്ത്ര്യ ത്തിന്നും, ജനാധിപത്യത്തിന്നും വേണ്ടി ഒത്തുനിന്നു സമരം ചെ യ്യേണ്ടിവന്നതു് പക്ഷപാതത്തിൻെറയും, വർഗ്ഗീയ വിദ്വേഷ ത്തിൻെറയും അർത്ഥശൂന്യതയേ തെളിയിക്കാൻ പററിയ ഒരു നാടകീയരംഗം തന്നെയായിരുന്നു. നീഗ്രോകളുടേയും, വെള്ള ക്കാരുടേയും ഇടയിലുള്ള നേതാക്കന്മാരുടെ നിർബ്ബന്ധപൂർവ്വമാ യ പ്രേരണ നിമിത്തമാണ് തൊഴിൽ സംബന്ധമായ കമററിയു ടെ നിയമനത്തെ സാധുവാക്കിയ 8802-ാംനമ്പർ ഉത്തരവ് പ്ര സിഡണ്ട് റൂസ്‌വെൽററ് പാസ്സാക്കിയതു്. നിറവും, ജാതിയും നോക്കി തൊഴിലിൽ പക്ഷപാതം കാണിക്കുന്ന സമ്പ്രദായം ഇല്ലായ്മ ചെയ്ക എന്നതായിരുന്നു ഈ കമ്മററിയുടെ പ്രധാന മായ ജോലി. ഈ കമ്മററിയുടെ പ്രവൎത്തനം വളരെ ഫലപ്രദ മായിരുന്നു. അതിനാൽ ജാതിവിദ്വേഷത്തെ ശമിപ്പിക്കുന്ന തിന്നായി ഈ മാതൃകയിൽ പല സംസ്ഥാനങ്ങളിലും സംഘടന കൾ യുദ്ധകാലത്തും അതിനു ശേഷവും രൂപവൽക്കൃതങ്ങളായി. തൊഴിലുകളിലും, ഉദ്യോഗങ്ങളിലും പക്ഷപാതപ്രവൎത്തനമു

ണ്ടോയെന്ന സശ്രദ്ധം പരിശോധിക്കയും, തൽഫലമായി അങ്ങ
നെ വല്ലതും തെളിഞ്ഞാൽ അതു പരിഹരിക്കുന്നതിന്ന തൊഴിൽ
ദായകന്മാരെ ഉപദേശിക്കുകയുമാണ കമ്മററിയുടെ ഒരു പ്രധാന
പരിപാടി. പലപ്പോഴും ഇതു ധാരാളം മതിയായിരുന്നു. തൃപ്തി
കരമല്ലാതെ വരുന്ന സന്ദർഭങ്ങളിൽ, പൊതുജനങ്ങളുടെ സന്നി
ധിയിൽ വിചാരണ കഴിച്ച് ഒരു നിർദ്ദേശ പത്രിക കൊടുത്തു
വന്നു. വിരുദ്ധപ്രചാരണമാണ കമ്മററിയുടെ ഒന്നാന്തരം ആ
യുധമായി പ്രയോഗത്തിൽ കണ്ടതു്. ഇതുതന്നെ പൊതുജനങ്ങ
ളുടെ ചിന്താഗതി മാറിവന്നുവെന്നതിന്ന തെളിവുമാണല്ലോ.
6000 കേസുകൾ പരിശോധിച്ചതിൽ പതിനാലെണ്ണം മാത്രമെ
പൊതുജനവിചാരണയ്ക്കു വിഷയീഭവിച്ചതായി കാണുന്നുള്ളു.

ഇക്കഴിഞ്ഞ രണ്ടു ദേശങ്ങളിൽ ട്രേഡ്‌യൂണിയൻ പ്രസ്ഥാ
നത്തിൽ, നീഗ്രോകൾ ഗണ്യമായി പങ്കു വഹിച്ചുവെന്നുള്ളതും
തൊഴിൽ മണ്ഡലത്തിലെ പുരോഗമനത്തിന്ന ഒരു കാരണമായിട്ടു
ണ്ടു്. 1920 നോടടുത്തു അനേകലക്ഷം ആളുകൾ യൂണിയന്റെ
അംഗങ്ങളായിരുന്നുവെങ്കിലും നീഗ്രോകൾ പ്രസ്തുത സംഘടന
യിൽ ചേരുന്നതിൽ വെള്ളക്കാർ ഉത്സാഹം പ്രകടിപ്പിച്ചിരുന്നി
ല്ല. എന്നാൽ 1930 ആയപ്പോഴേക്കും വ്യാവസായികസംഘടന
കളുടെ മട്ടുമാറി. നീഗ്രോകൾ ആയിരക്കണക്കിന്ന ചേർന്നു പക്ഷ
പാതത്തിന്നെതിരായി അസന്ദിഗ്ദ്ധമായ ഭാഷയിൽ ശബ്ദമുയർത്തി.
1942-ൽ നീഗ്രോകളും വെള്ളക്കാരും ചേർന്നു് 60 ലക്ഷം
അംഗങ്ങളുള്ള സി. ഐ. ഓ. (വ്യവസായ സംഘടനാ കോൺ
ഗ്രസ്സ്) വില്ലാർഡ് ടൗൺസെൻഡ് എന്ന നീഗ്രോയെ അതിന്റെ
ഭരണസമിതിയിലേക്ക് തിരഞ്ഞെടുത്തു. നീഗ്രോകളുടെ സാമ്പ

ത്വിക സന്ദർഭങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള ഒരു അന്താവർഗ്ഗീയ സംഘടനയായ നാഷനൽ അർബ്ബൻ ലീഗിന്റെ കണക്കിൻപ്രകാരം 16,000,000 യൂണിയൻ അംഗങ്ങളിൽ 1,250.000 നീഗ്രോകളാണെന്നു കാണുന്നു. ഇതിൽ ഏകദേശം. 600,000 പേർ അമേരിക്കൻ ഫെഡറേഷൻ ഓഫ് ലേബർ എന്ന സംഘടനയുടെയും, 500,000 പേർ സി. ഐ. ഓ. വിന്റെയും, ബാക്കിയുള്ളവർ മററു യൂണിയനുകളുടെയും അംഗങ്ങളാകുന്നു.

## ഏങ്ങനെയാണ് പുരോഗതി സാധിക്കുന്നതു്?

അസഹിഷ്ണുതയ്ക്കെതിരായി സാമൂഹ്യപുരോഗതിയുണ്ടാകുന്നതു് വിദ്യാസവും നിയമനിർമ്മാണവും മൂലമാണെന്നാത്രേ വർഗ്ഗീയബന്ധങ്ങളെക്കുറിച്ചു അഗാധമായി ചിന്തിച്ചിട്ടുള്ള കേറി മക്ക് വില്ല്യംസിന്റെ അഭിപ്രായം. ഒരു ജനാധിപത്യം അതിന്റെ പൌരന്മാർക്ക് ദാനം ചെയ്യുന്ന അതിശക്തമായ ഉപകരണങ്ങൾ ഇവയാണ്. ഈ രണ്ടു കാലുകൾ ഉപയോഗിച്ചാണു നീഗ്രോ മുമ്പോട്ടു പോയിട്ടുള്ളതു്. പൌരന്മാരുടെ ഭൂരിപക്ഷമതത്തിന്നു് പരമാധികാരമുള്ള ഒരു ഭരണക്രൂടത്തിൽ, അടിസ്ഥാനവിദ്യാഭ്യാസത്തിന്റെ പ്രാധാന്യം വളരെ വമ്പിച്ചതാണ്. കഴിഞ്ഞ 50 വർഷങ്ങളിലായി വിദ്യാലയങ്ങളിലും, പത്രമാസികാദികളിലും കൂടെയുള്ള വിദ്യാഭ്യാസം പൊതുജനങ്ങളുടെ മനസ്സിനെ പുരോഗമനോന്മുഖമാക്കിയിരിക്കുന്നു. ഈ മന:പരിവർത്തനത്തെ സുസ്ഥിരമാക്കുവാൻ, നിയമങ്ങളും, മററു സാമൂഹ്യപ്രവർത്തനങ്ങളും ഉപകരിക്കുന്നു. ചില ഘട്ടങ്ങളിൽ നിയമനിർമ്മാണങ്ങളും,

അതിനായിട്ടുള്ള പൊതുജനങ്ങളുടെ ചർച്ചകളും, പൊതുജനവിദ്യാഭ്യാസത്തിൻെറ ഒന്നാംതരം ഉപകരണങ്ങളായി ഭവിച്ചിട്ടുണ്ട്. അങ്ങനെ, എവിടെ നിയമസംഹിതപുരോഗമനവിമുഖമായിരിക്കുന്നുവോ, അവിടെ അഭിവൃദ്ധിയും കുറഞ്ഞിരിക്കും. രാഷ്ട്രത്തിലെ ചില സംസ്ഥാനങ്ങളിൽ ഇന്നും അത്തരം സ്ഥിതിഗതികൾ നിലവിലിരിക്കുന്നുണ്ട്. എന്നാൽ ഭൂരിപക്ഷം സംസ്ഥാനങ്ങളിലും നീഗ്രോക്കു ഗുണകരമായുള്ള വ്യത്യാസങ്ങളും, പുരോഗതിയും നിയമപരമായ കാര്യങ്ങളിൽ ഉണ്ടായിട്ടുണ്ട്.

എല്ലാ പൗരന്മാരുടെയും സ്വാതന്ത്ര്യവും അവകാശങ്ങളും സംരക്ഷിക്കണമെന്ന നിർബ്ബന്ധം പ്രധാനപ്പെട്ട രണ്ടു രാഷ്ട്രീയകക്ഷികൾക്കും, ട്രേഡ്യൂണിയൻ പ്രസ്ഥാനത്തിന്നും, മററു പല പൗരസംഘങ്ങൾക്കും ഉണ്ട്. ഗവർമ്മെൻറിൻെറ പ്രായോഗികനയങ്ങളിൽ ഈ ഉത്തരവാദിത്വം സ്പഷ്ടമായി പ്രതിഫലിക്കുന്നുമുണ്ടു. സൈനികരംഗങ്ങളിലും, ഉദ്യോഗസ്ഥമണ്ഡലങ്ങളിലും, പൗരാവകാശങ്ങളെപ്പററി ട്രൂമാൻ കമ്മിററി നിർദ്ദേശിച്ചിട്ടുള്ള ശുപാർശകൾ അതിശീഘ്രമായി പ്രയോഗത്തിൽ വരുത്തുകയും ചെയ്യുന്നു. ഈ ശുപാർശകൾ ആദരിച്ചുകൊണ്ടാണു് സിവിൾ സർവ്വീസ് കമ്മീഷൺ, അപേക്ഷകളിൽ ഫോട്ടോവും, ജാതിവിവരങ്ങൾ കാണിക്കുന്ന പടികയും വേണ്ടെന്നു വച്ചിരിക്കുന്നതു്. ഇന്നു 200,000 നീഗ്രോകൾ ഫെഡറൽ ഗവർമ്മെൻറിൻെറ കീഴിൽ ചുമട്ടുവേലമുതൽ ശില്പവേല, വൈദ്യം, ഭരണാധിപത്യം എന്നുവരെയുള്ള നിലകളിൽ ഉണ്ടു്. കടൽസൈനിത്തിലേക്കും, കരസൈന്യത്തിലേക്കും ആഫീസറന്മാരെ പരിശീലനം ചെയ്യിക്കുന്ന അക്കാഡമികളിൽ നീഗ്രോകൾ ഉണ്ടു. ട്രൂമാൻ കമ്മിററിയുടെ ശുപാർശപ്രകാരം, നീഗ്രോകൾക്കായുള്ള



ഐക്യസംസ്ഥാനങ്ങളുടെ പ്രസിഡണ്ടു് ഹാരി എസ്. ട്രൂമാൻ (നടുക്കു്) നീഗ്രോസ്ത്രീകളുടെ ദേശീയകൗൺസിൽ സ്ഥാപക മിസ്സിസ് മേരി മക്‌ലിയോഡു് ബെത്യൂണും, കറുത്ത വർഗ്ഗക്കാരുടെ ഉന്നമനത്തിനുള്ള നാഷനൽ അസോസ്യേഷന്റെ സെക്രട്ടറി വാൾട്ടർ വൈററും (ഇരിക്കുന്ന) ഉൾപ്പെട്ട നീഗ്രോ നേതാക്കളുമായി സംഭാഷണം ചെയ്യുന്നു.



അമേരിക്കൻ കുട്ടികളുടെ ഒരു സംഘം.

സൈന്യവിഭാഗങ്ങൾ പിരിച്ചുവിട്ടിട്ട്, അവരേ സങ്കലിത യൂണിറുകളിൽ ചേർത്തുവരുന്നു. അവിടെ വെള്ളക്കാരുമായി ചേർന്ന് അവർ എല്ലാ കാര്യങ്ങളിലും ഒരുപോലെ പങ്കുകൊള്ളുന്നു. യോഗ്യതയനുസരിച്ചു ഏതു ഉയർന്ന ഉദ്യോഗവും അവർക്കു ലഭിക്കുന്നതുമാണ്. ഇതിൻെറ ഫലമായി വെള്ളക്കാരും നീഗ്രോകളും ചേർന്ന ചില യൂണിററുകൾ ഇന്നു നീഗ്രോ സേനാനായകന്മാരുടെ കീഴിലാണ് വർത്തിക്കുന്നതു്.

ഈ അഭിവൃദ്ധികൾ ഉണ്ടാക്കുന്നതിനായി വെള്ളക്കാരിൽ ഭൂരിപക്ഷവും വോട്ടുചെയ്തുവെന്നതു ശരിതന്നെയെങ്കിലും, നീഗ്രോയുടെ പുരോഗതി വെള്ളക്കാരൻെറ സന്മനോഭാവംകൊണ്ടു മാത്രമാണെന്നു വ്യാഖ്യാനിച്ചുകൂടാ. അതിനേക്കാൾ വളരെ ഉറപ്പുള്ള ഒരടിസ്ഥാനത്തിലാണ് അതിൻെറ നില. അതു് നീഗ്രോയുടെ വികസിച്ചുവന്ന രാഷ്ട്രീയപ്രബുദ്ധതയല്ലാതെ മറെറാന്നുമല്ല. രാഷ്ട്രീയ ഭരണഘടനയിലെ പതിനഞ്ചാം ഭേദഗതിയിൽ ഇങ്ങനെ കാണുന്നു: 'ജാതിയോ, നിറമോ, പൂർവ്വദാസ്യമോ അടിസ്ഥാനമാക്കി വോട്ടിനുള്ള അവകാശം നിഷേധിക്കുകയോ കുറയ്ക്കുകയോ ചെയ്തുകൂടാത്തതാകുന്നു..........'. ഈ ഭേദഗതിയുടെ ആത്മാവിനു വിരുദ്ധമായിരുന്ന സംസ്ഥാനനിയമങ്ങളും, രാഷ്ട്രീയകക്ഷികളുടെ നടപടികളും, നിയമവിരുദ്ധമായി പരമാധികാരകോടതി വിധിക്കയോ, അല്ലാത്തവ സംസ്ഥാനനിയമസഭകൾ തിരസ്കരിക്കയോ ആണുണ്ടായതു്. വോട്ടുചെയ്യണമെന്നാഗ്രഹിക്കുന്ന വെള്ളക്കാരും നീഗ്രോകളും കൊടുത്തടയ്ക്കേണ്ട 'വോട്ടുകരം 1950 ആയപ്പോഴേക്കും ഏഴു സംസ്ഥാനങ്ങളിൽ മാത്രമേ നിലവി'ലിരുന്നുള്ളു. ഈ സംസ്ഥാനങ്ങളിലും, എത്രയും നേരത്തെ ഈ കരം ഉപേക്ഷിക്കാനുള്ള നിയമങ്ങൾ അംഗീകരിക്കുവാനുള്ള പ്രവ

ണതയാണ് കാണുന്നതു്. വടക്ക് എല്ലാ നീഗ്രോകൾക്കും ഇഷ്ടം പോലെ വോട്ടുചെയ്യാം. ന്യൂയോർക്ക്, ഇല്ലിനോയ് എന്നീ രണ്ടു സംസ്ഥാനങ്ങൾക്കു കോൺഗ്രസ്സിൽ നീഗ്രോ പ്രതിനിധികൾ ഉണ്ടു്; കുറഞ്ഞതു് പതിനാറ് സംസ്ഥാനനിയമസഭകളിൽ നീഗ്രോ അംഗങ്ങളുണ്ടു്; രണ്ടു ഡസനിലധികം നീഗ്രോ ജഡ്ജിമാർ കോടതികളിൽ ഉണ്ടു്. വോട്ടിംഗ് നിയന്ത്രണങ്ങളെ അസാധുവാക്കുന്ന സുപ്രീംകോടതിവിധികൾമൂലവും, അക്ഷരാഭ്യാസം മൂലവും രാഷ്ട്രീയ നയങ്ങളിൽ നീഗ്രോയുടെ വോട്ടുപെട്ടി വളരെ ശക്തിയുള്ളതായി തീർന്നിരിക്കുന്നു. ജനാധിപത്യത്തിൽ തങ്ങൾക്കുള്ള ശരിയായ ജീവിതം അവകാശപ്പെട്ടുകൊണ്ടാണ് നീഗ്രോകൾ വോട്ടു നൽകിവരുന്നതു്.

വർദ്ധമാനമായി വരുന്ന ഈ രാഷ്ട്രീയശക്തി നീഗ്രോ സംഘടനകളുടെ നേതാക്കന്മാരുടെ ദൂരദൃഷ്ടിക്കു ഉത്തമലക്ഷ്യമാണ്. രാഷ്ട്രീയസംഘടനകൾ രൂപവല്ക്കരിക്കുന്നതിനും, ഭരണഘടനയിലുള്ള പൗരാവകാശങ്ങൾ സംരക്ഷിക്കുന്നതിനും, ഇഷ്ടം പോലെ സമ്മതിദാനം ചെയ്യുന്നതിനുമുള്ള സ്വാതന്ത്ര്യം അവർ ഫലകരമാം വണ്ണം ഉപയോഗപ്പെടുത്തി. വാൾട്ടർ വൈററിൻെറ നേതൃത്വത്തിലുള്ളതും, അവരുടെ പുരോഗതിയ്ക്കായി പ്രവർത്തിക്കുന്നതുമായ നാഷനൽ അസോസിയേഷൻ, പക്ഷപാതമലിനമായ നിയമങ്ങളെ കോടതികളിൽ കൂടെ എതിർക്കുകയും, അവകാശസംരക്ഷണത്തിനു വേണ്ടി പൊരുതുകയും ചെയ്യുന്നു. മുമ്പും ഉദ്യോഗം ലഭിക്കുന്നതിനു നിവൃത്തിയില്ലാതിരുന്ന ആഫീസുകളിലും, ഫാക്ടറികളിലും നീഗ്രോകൾക്കു ജോലി വാങ്ങിക്കൊടുക്കുക എന്നതാണ് നാഷനൽ അർബ്ബൻ ലീഗിൻെറ പ്രധാന ലക്ഷ്യം. ഈ നേട്ടങ്ങളുടെ പിന്നിലുള്ള നിയമങ്ങളും, കോടതി

വിധികളും, പൊതുജനാഭിപ്രായത്തിലുള്ള മാററങ്ങളുമെല്ലാം ചില പ്രമുഖ വ്യക്തികളുടെ സംഘടനകളുടെയും, പരിശ്രമങ്ങളുടെയും അളവുകോലാണ്. വ്യക്തമായുള്ള ഫലം നേതാക്കന്മാരിൽ നിന്നും സാധാരണ നീഗ്രോകൾ ആവശ്യപ്പെടുന്നു. ദിനന്തോറും ഉണ്ടാകുന്ന പ്രശ്നങ്ങളുടെ പരിഹാരമാണ് അവരുടെ പ്രധാനമായ നോട്ടം. അത്തരം സാഹചര്യങ്ങളിൽ പ്രകടവും, ഖണ്ഡിതവുമായ എന്തെങ്കിലും സാധിക്കാൻ കഴിയുന്ന നേതാവിനു മാത്രമേ നീഗ്രോ സമുദായത്തിൻെറ കണ്ണിൽ മതിപ്പുണ്ടായിരിക്കയുള്ളു. ഇന്നത്തെ നീഗ്രോ നേതാക്കന്മാരുടെ മുന്നണിയിൽ നില്ക്കുന്നവർ ഭിന്നങ്ങളായ രംഗങ്ങളിലാണ് പ്രവർത്തിച്ചുവരുന്നത്. എൻ. ഏ. ഏ. സി. പി. (അവണ്ണരുടെ പുരോഗതിയ്ക്കായുള്ള ഒരു ദേശീയ സംഘടന) യിലെ വാൾട്ടർ വൈററ്, നാഷനൽ അർബ്ബൻ ലീഗിലെ ലെസ്റ്റർ ഗ്രാംഗർ, ഏ. ഫിലിപ്പ്, റാൻഡോൾഫ്, വിദ്യാഭ്യാസധുരന്ധരനായ ഡാക്ടർ മേരി മക്ക്ലിയോഡ് ബെത്തൂൺ, സാമൂഹ്യശാസ്ത്രജ്ഞനും കോളജ് പ്രസിഡണ്ടുമായ ഡാക്ടർ ചാററസ് എസ്സ്. ജോൺസൺ, സാമൂഹ്യപ്രവർത്തകനായ ചാനിംഗ് എച്ച്. ടൊബിയ്യാസ്, വിദ്യാഭ്യാസപ്രവർത്തകനായ ഡാക്ടർ എഫ്. സി. പാറേറഴ്സൻ, ഹവ്വാർഡു യൂണിവേഴ്സിററി പ്രസിഡണ്ട് ഡാക്ടർ മോർഡക്കായ് ഡബ്ളിയൂ. ജോൺസൺ, തൊഴിലാളി നേതാവായ വില്ലാർഡ് ടൗൺസെൻഡു, കോൺഗ്രസ്സുകാരനായ ആഡം ക്ലേയ്ററൺ പൗവ്വൽ, വില്ല്യം ഡോസൻ, നിയമോപദേഷ്ടാവായ വില്ല്യം എച്ച്. ഹേസ്റ്റി എന്നിവരെല്ലാം അക്കൂട്ടത്തിൽ ഉൾപ്പെടുന്നു.

ഈ ആളുകളെയും, അവരുടെ ഉദ്യമങ്ങളെയും രണ്ടു ജാതികളിലുമുള്ള ആളുകളും അവരുടെ പ്രവർത്തനങ്ങളും പിന്താങ്ങു

ന്നുണ്ട്. അവരിൽ പലർക്കും, ഒന്നാംകിട പത്രാധിപന്മാരിൽ നിന്നും, തൊഴിൽദാതാക്കളിൽനിന്നും, വിദ്യാഭ്യാസധുരന്ധരന്മാരിൽനിന്നും ഉപദേശങ്ങളും സഹായങ്ങളും ലഭിക്കുന്നുണ്ട്. നിയമസഭകളിൽ അവതരിക്കപ്പെടുന്നതും, നീഗ്രോകളെ സംബന്ധിച്ചതുമായ എല്ലാ ബില്ലുകളും ഈ നിയമപണ്ഡിതന്മാരുടെ പരിശോധന കഴിഞ്ഞശേഷമാണ് വെളിയിൽ കൊണ്ടുവരുന്നത്. പലപ്പോഴും അവ എഴുതിയുണ്ടാക്കുന്നതു തന്നെ നിയമവിദഗ്ദ്ധന്മാരായിരിക്കും. നിയമസഭകളിൽ നീഗ്രോയുടെ ഭാഗം വിശദമാക്കുന്നതിനും, അവരുടെ ഭാഗത്തു നിൽക്കുന്ന ഏതു കോൺഗ്രസ്സു സാമാജികനാണ് വോട്ടുകൊടുക്കേണ്ടതെന്ന് അറിയുന്നതിനും ഈ നേതാക്കന്മാരും അവരുടെ പ്രതിനിധികളും എപ്പോഴും തയ്യാറാണ്. 1949-ൽ അവശന്നരായ ജനങ്ങളുടെ പുരോഗതിയ്ക്കായി വർത്തിക്കുന്ന നാഷനൽ അസോസിയേഷനിലെ വക്കീലന്മാർ പൗരാവകാശവിദ്ധ്വംസനം സംബന്ധിച്ച അഞ്ഞൂറു കേസുകൾ വാദിക്കുകയുണ്ടായി. ഇവയിൽ ചിലതിനു കോടതിവ്യവഹാരം ഉണ്ടാക്കിയതുപോലും പ്രസ്തുത അസോസിയേഷനാണ്. മററു ചിലതിൽ നിയമവിദഗ്ദ്ധന്മാർ ഇടപെടുകയും, ഉപദേശങ്ങളും മററു സഹായങ്ങളും ചെയ്തുകൊടുക്കുകയും ചെയ്തു. ഈ വർഷത്തെ ഏററവും വമ്പിച്ച വിജയം മക്‌ലോറിൻ ആൻഡ് സ്വിയററ കേസുകളിലാണ് കാണുന്നത്. അതിൻെറ ഫലമായി ഒററതിരിക്കാതെ തന്നെ നീഗ്രോകൾക്കു എവിടെയും ഉന്നതവിദ്യാഭ്യാസത്തിനു അവകാശമുണ്ടെന്നു സ്ഥാപിച്ചതായ മറെറാരു കേസ് സൗത്തു് കാരൊലീനായിൽ ഉണ്ടായതും പ്രധാനമായ ഒന്നുതന്നെ. ഇത്തരം കോടതിവിധികളുടെയും ഫലമായി 'നീഗ്രോകളുടെ അവകാശ ബില്ല്' എന്ന പേരിൽ ഒരു നിയമസംഹിത രൂപപ്പെട്ടു വരു

ന്നു. യുദ്ധത്തിന്നു ശേഷം എൻ. ഏ. ഏ. സി. പി. സംഘടന നടത്തിയ കേസുകളുടെ ഫലമായി പരമാധികാരകോടതി രണ്ടു മൂന്നു പ്രധാന പരിഷ്കാരങ്ങൾകൂടെ അസന്ദിഗ്ദ്ധമായ നിലയിൽ ഉറപ്പിച്ചിരിക്കുന്നു. വീടു വാടകയ്ക്കു കൊടുക്കുന്നതിനു നീഗ്രോയ്ക്കും അവകാശമുണ്ടു്; പൊതുജനവാഹനങ്ങളിലും, വിദ്യാലയങ്ങളിലും നീഗ്രോയെ വേർതിരിച്ചു മാററുവാൻ പാടുള്ളതല്ല—ഇങ്ങനെ ചിലതു് അക്കൂട്ടത്തിൽ ഉൾപ്പെടുന്നു.

വിദ്യാഭ്യാസം, നിയമനിർമ്മാണം എന്നീ തുറകളിൽ നീഗ്രോയ്ക്കുണ്ടായിട്ടുള്ള ഗണ്യമായ പുരോഗതിയോടു സമാനമായി, ജാതിബന്ധങ്ങളെ സ്പർശിക്കുന്ന സാമൂഹ്യ മനഃശാസ്ത്രമണ്ഡലങ്ങളിലും ശ്രദ്ധേയമായ മുന്നേററമുണ്ടായിട്ടുണ്ടു്. ജാതികൾ തമ്മിലുള്ള ബന്ധങ്ങൾ മാറുന്നതിനനുസരിച്ചു മനഃശാസ്ത്ര നിഷ്ഠമായുള്ള വർത്തനാരീതി എന്തായിരിക്കണമെന്നു ഗവേഷണം കൊണ്ടും അനുഭവം കൊണ്ടും സാമൂഹ്യ ശാസ്ത്രജ്ഞന്മാർ മനസ്സിലാക്കിയിരിക്കുന്നു. ഉദാഹരണമായി, വെള്ളക്കാരും നീഗ്രോകളുമായുള്ള ബന്ധത്തെ സ്പർശിക്കുന്നതായ ഒരു പുതിയ നിയമം, അതുവരെയുണ്ടായിരുന്ന സ്ഥിതിഗതിയെ വ്യത്യാസപ്പെടുത്തുമ്പോൾ, എങ്ങനെയാണു പെരുമാറേണ്ടതെന്നു രണ്ടുകൂട്ടരും കുറച്ചു സന്ദേഹിക്കാതിരിക്കയില്ല. രണ്ടുകൂട്ടരും തങ്ങളുടെ ഭാഗം ശരിയെന്നു് സ്ഥാപിക്കാനുള്ള ഒരു ശ്രമം നടത്താനായിരിക്കും ഭാവം. ഈ വൈരുദ്ധ്യത്തിൽനിന്നും ഒരു തുറന്ന മത്സരം പൊട്ടിപ്പുറപ്പെടാൻ വളരെയൊന്നും ആവശ്യമില്ല. എന്നാൽ ശരിയായ ഗുണദോഷം, ജാതീയചിന്തയുടെ ചിത്തവശത്തെക്കുറിച്ചു കൂടുതൽ ബോധം അങ്കുരിപ്പിക്കത്തക്കവണ്ണം, ആത്മപരിശോധനയ്ക്കു ഇരുകൂട്ടരേയും പ്രേരിപ്പിക്കുന്നതാണു്. വെള്ളക്കാരുടെ മദ്ധ്യത്തിലേക്കു് നീഗ്രോ

കർ വന്നു പാർക്കുക, മുമ്പു വെള്ളക്കാർ മാത്രം ജോലിചെയ്തിരുന്ന ചില ആഫീസുകളിൽ നീഗ്രോകളും ജോലിസ്വീകരിക്കുക എന്നിങ്ങനെ ചില വിഷമഘട്ടങ്ങൾ ആവിർഭവിക്കുമ്പോൾ, വടംവലികളും മത്സരങ്ങളും കൂടാതെ കഴിക്കത്തക്കവണ്ണം പെരുമാററങ്ങളെ ക്രമീകരിക്കേണ്ടവിധങ്ങളെക്കുറിച്ചു ശിക്ഷണം നൽകുന്ന സ്ഥാപനങ്ങളുണ്ട്. ന്യൂയോർക്കു സർവ്വകലാശാലയിൽ അതിന്നുവേണ്ടി ജാതീയപ്രശ്നങ്ങളെക്കുറിച്ചു പഠിപ്പിക്കുന്നതിന് പ്രത്യേകം ഒരു വകുപ്പുണ്ട്. ജാതീയപ്രശ്നങ്ങൾ പരിഹരിക്കുന്നതിനും, ലഘൂകരിക്കുന്നതിനുമുള്ള പ്രായോഗികപരിപാടികൾ ഇത്തരം കേന്ദ്രങ്ങളുടെ പ്രവർത്തനംമൂലം രൂപവൽകൃതമായിട്ടുണ്ട്. വർഗ്ഗീയബന്ധങ്ങൾ അഭിവൃദ്ധിപ്പെടുത്തുന്നതിനായി ഇന്നു ഗവർമ്മെൻറിൻെറ പ്രോത്സാഹനത്തിലുള്ള 93 നഗരകേന്ദ്രങ്ങളും, പ്രായേണ സ്വതന്ത്രങ്ങളായുള്ള 345 ഏജൻസികളും ഉണ്ട്.

നീഗ്രോ പുരോഗതിയുടെ ഏററവും സൃഷ്ടിപരങ്ങളായുള്ള ചില വശങ്ങളാണു ഇത്തരം ഉദ്യമങ്ങളിൽ കാണുന്നതു് എന്നത്രേ പൊതുവിലുള്ള അഭിപ്രായം. അന്ത:ഛിദ്രത്തിനുശേഷം ഉണ്ടാകുന്ന പുനരുദ്ധാരണ പരിപാടികളെപ്പോലെ, ഇവിടെ സമത്വം അടിച്ചേല്പിക്കുകയല്ല, ക്രമേണ വളർത്തുകയാണു ചെയ്യുന്നതു് എന്ന സത്യം പ്രത്യേകിച്ചു ഓർക്കേണ്ടതാണ്. തെക്കൻ സംസ്ഥാനങ്ങളിൽ അധികാരം ഉപയോഗിച്ചു പരിഷ്കാരങ്ങൾ വരുത്തുവാനാണു പണ്ടു വടക്കുള്ളവർ ശ്രമിച്ചതു്. എന്നാൽ ഈ പുതിയ ഉദ്ധാരണപദ്ധതിക്കാർ, വിദ്യാഭ്യാസത്തിലും രാഷ്ട്രീയ വളർച്ചയിലും ഉപാധിയാണു ലക്ഷ്യത്തെ നിർണ്ണയിക്കുന്നതു എന്നു വിശ്വസിക്കുന്നു. അതുപോലെ ജനാധിപത്യം പഠിക്കാനുള്ള ഏകമാർഗ്ഗം അതു അനുഭവത്തിലാക്കുകയാണെന്നും

അവർക്കറിയാം. പക്ഷപാതചിന്തയും, ജാതിവിദ്വേഷവും അമേരിക്കൻ ജീവിതത്തിൽനിന്നു ഉപേക്ഷിക്കപ്പെടുന്നതോടുകൂടെ നീഗ്രോയുടെ അവകാശങ്ങളും സ്ഥാപിതങ്ങളാകുന്നു. ഈ അവകാശങ്ങൾ നിയമങ്ങളിലും, രേഖകളിലും കിടക്കുക മാത്രമല്ല, മാതാപിതാക്കന്മാർ കുട്ടികളോടു പറയുന്നതിലും, പൊതുവിദ്യാലയങ്ങളിൽ ദിനംതോറും ജാതികൾ തമ്മിൽ നടക്കുന്ന ഇടപാടുകളിലും, ജോലിസ്ഥലങ്ങളിലും സമ്മേളനങ്ങളിലുമെല്ലാം പ്രകടീകൃതമാകുന്നു. ഈ വീക്ഷണകോടിയിൽക്കൂടെ നോക്കുമ്പോൾ, ഇരുപതാം ശതകം അമേരിക്കയിലെ നീഗ്രോയ്ക്കും, വെള്ളക്കാരനും കാമ്യമായ നേട്ടങ്ങളുടെ ഒരു കാലഘട്ടം തന്നെയാണു്.

---

Published by Higginbothams Ltd. and Printed by A. Sendall at
The Associated Printers (Madras) Ltd., Madras.

E.G. B207.
standard * VIII

1946

# നീഗ്രോ

1713

COMPLIMENTS OF
THE UNITED STATES INFORMATION SERVICE
MADRAS.

# അമേരിക്കൻ ജീവിതത്തിൽ